ലക്കം 9
നവംബർ 2013

വചനം

റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റി പ്രസിദ്ധീകരണം

ന്യൂനപക്ഷ രാഷ്ട്രീയം ദൗത്യവും നിയോഗവും

നിതാഖാത്തിന്റെ ബാക്കിപത്രം

نطاقات
Nitaqat

മലപ്പുറത്ത് ബാല്യകൗമാരങ്ങൾ ചെലവിട്ട ഒരന്യനാട്ടുകാരന്റെ കുറിമാനങ്ങൾ

RIYADH KMCC MALAPPURAM DISTRICT COMMITTEE
Vachanam e magazine
വചനം
നവംബർ2013

മാഗസിൻ സമിതി

രക്ഷാധികാരി
സയ്യിദ് അഷ്റഫ് തങ്ങൾ

എഡിറ്റർ
പി.ടി ഫിറോസ് പുളിക്കൽ

കോ-ഓർഡിനേറ്റർ
ബഷീർ ഇരുമ്പുഴി

പബ്ലിക്ക് റിലേഷൻ
അബ്ദുൽ അസീസ് കടലുണ്ടി നഗരം

കവർസ്റ്റോറി
നൃനപക്ഷ രാഷ്ട്രീയം ദൗത്യവും നിയോഗവും 03
ഇസ്മാഈൽ വള്ളിയോത്ത് അൽ അഹ്സ

ആത്മീയം
പൊരുളറിയേണ്ട ആരാധനകൾ 07
സുഫ്യാൻ അബ്ദുസ്സലാം

കവർസ്റ്റോറി
മലപ്പുറത്ത് ബാല്യകൗമാരങ്ങൾ ചെലവിട്ട ഒരന്യനാട്ടുകാരന്റെ കുറിമാനങ്ങൾ 10
റഫീക്ക് തിരുവള്ളൂർ

കവിത
വൺവേ ടിക്കറ്റ് 16
എ.പി. അമീർ അലി കൊയിലാണ്ടി.

ലേഖനം
തിരിച്ചറിയപ്പെടാതെ പോയ ജോൺ എബ്രഹാം 17
അമീൻ മുന്നൂർ റിയാദ്.

ലേഖനം
മാപ്പിളപാട്ട് രചനയിലെ പെൺകരുത്ത് 20
ബഷീർ തൊട്ടിയൻ ജിദ്ദ

വായന
ഉറുദിക്കൊരു റിവ്യൂ 24
വി. അബ്ദുൽ ലത്തീഫ്

വാർത്തകൾ 26

Cover Design and layout: **Shareef Vazhakkad**
shareefpt87@gmail.com | 00966 501214306
Typesetting: **Shabeer KN**

എഡിറ്റോറിയൽ

നിതാഖാത്തിന്റെ ബാക്കിപത്രം

സഊദി അറേബ്യയിൽ പ്രവാസികളുടെ മനസ്സിൽ തീക്കനൽ കോരിയിട്ട നിതാഖാത്ത് പദ്ധതിയുടെ ഇളവു കാലം അവസാനിച്ചതോടെ പുതിയ തലത്തിലേക്ക് പ്രവേശിക്കുകയായി. നാമിഷ്ടപ്പെട്ടാലും ഇല്ലങ്കിലും ജീവിക്കുന്ന രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കാൻ ഓരോരുത്തരും നിർബന്ധിതരാണല്ലോ. ഇന്ത്യൻ സമൂഹത്തിനും പൊതുവിലും മലയാളികൾക്ക് വിശേഷിച്ചും ഒരുപാട് പ്രതിസന്ധികളുടെ വെല്ലുവിളി സമ്മാനിച്ചതായിരുന്നു നിതാഖാത്ത് പ്രതിസന്ധി എന്നതിൽ തർക്കമില്ല.

ഇക്കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ ഇടപെടലുകൾ ഇനിയും ശക്തമാവേണ്ടതുണ്ട്. ഇരകൾക്ക് തിരിച്ച് പോകാനുള്ള ടിക്കറ്റ് നൽകലും പുനരധിവാസ പാക്കേജ് പ്രഖ്യാപനവുമെല്ലാം ശുഭോദർക്കം തന്നെ. പക്ഷെ നിവൃത്തികേടുകൊണ്ട് നാട്ടിലേക്ക് തിരിച്ചെത്തിയ പ്രവാസികളെ പുനരധിവ സിപ്പിക്കാനുള്ള പദ്ധതികൾ കേവലം പാക്കേജ് പ്രഖ്യാപനത്തിൽ ഒതുങ്ങാതെ ഗുണഫലം എല്ലാവർക്കും കിട്ടുന്ന തരത്തിൽ വിപുലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുണ്ട്. ഈ വിഷയത്തെ ചുരുക്കം പ്രവാസികളുടെ ജീവിതോപാധി എന്ന നിലയിൽ ചുരുട്ടികെട്ടാനാവില്ല. ഒരു രാഷ്ട്രത്തിന്റെ സാമ്പത്തിക ഭദ്രതയെ വരെ ബാധിക്കുന്ന കാര്യമാണെന്നോർത്ത് അതിശക്തമായ ഇടപെടലുകളും ജാഗ്രതയും ഇനിയും ഉണ്ടാവേണ്ടതുണ്ട്. ഇതിനു വേണ്ട സമ്മർദ്ദങ്ങൾ ചെലുത്താനും അണിയറയിൽ ശ്രമിക്കാനും പ്രവാസി സംഘടനകൾ ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്.

നിതാഖാത്ത് ഇളവുകാലത്ത് സഊദിയിലെ ഇന്ത്യൻ നയതന്ത്രവിഭാഗം ജീവനക്കാരുടെ പ്രവർത്തനം ഏറെ സ്തുത്യർഹമായിരുന്നതായി വിലയിരുത്തപ്പെടുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച ജീവനക്കാരെയും അവർക്ക് പിന്നിൽ സജീവമായ നിലനിന്ന സാമൂഹ്യ പ്രവർത്തകരെയും ഇത്തരുണത്തിൽ ഞങ്ങൾ അഭിനന്ദിക്കുന്നു. ഇന്ത്യൻ എംബസിയുടെ സേവനത്തെ പ്രകീർത്തിക്കുമ്പോൾ തന്നെ അത് തുടർക്കാലത്തും ശക്തമായി ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രവാസ ലോകത്തെ ഇന്ത്യൻ സമൂഹത്തിന് അത്താണിയാവാൻ സാധിക്കുന്ന വിധമുള്ള തുടർപ്രവർത്തനങ്ങളാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്.

നിതാഖാത്ത് വെല്ലുവിളികളെ അവസരമാക്കി മാറ്റാൻ ഗവൺമെന്റിനും സംഘടനകൾക്കുമപ്പുറം ഓരോ പ്രവാസിയും മുന്നിട്ടിറങ്ങേണ്ടതുണ്ട്. ജീവിക്കുന്ന രാജ്യത്തെ നിയമങ്ങൾ അനുസരിക്കുന്നത് നമ്മുടെ ഔദാര്യമല്ലെന്നും മറിച്ച് കടമയാണെന്നുമുള്ള ബോധ്യമാവണം നമ്മെ വഴിനടത്തേണ്ടത്. സ്വയം ശാക്തീകരിക്കപ്പെടാനും പുതിയ അവസരങ്ങൾ കണ്ടെത്താനും അതുവഴി പ്രവാസത്തെ ഒരാനന്ദപൂർണ്ണമായ അനുഭൂതിയാക്കാനും സാധിക്കുംവിധം നമുക്ക് മാറാനാവേണ്ടതുണ്ട്. ഇവിടുത്തെ അവസരങ്ങൾ അവസാനിക്കുകയില്ലന്നും അത് അർഹിക്കുന്നവരിലേക്ക് മാത്രമായി ചുരുങ്ങുകയാണെന്നുമുള്ള തിരിച്ചറിവ് ഉണ്ടാവുകയും പുതിയ കാലത്തിനനുസൃതമായ അറിവും പാകതയും പരിശീലിച്ചെടുക്കുകയും വെല്ലുവിളികളെ സ്വയം നേരിടാൻ തയ്യാറാവുകയുമാണ് ഏറെ കരണീയം.

കവർസ്റ്റോറി



ഇസ്മാഈൽ വള്ളിയോത്ത്
അൽ അഹ്സ

ന്യൂനപക്ഷ രാഷ്ട്രീയം ഭൗത്യവും നിയോഗവും



ലോകം മുഴുവൻ ഉറങ്ങുമ്പോഴാണ് ഇന്ത്യ സ്വാതന്ത്ര്യത്തിലേക്കും ജീവിതത്തിലേക്കും ഉണർന്നെഴുന്നേറ്റത്. നീണ്ട വൈദേശിക വാഴ്ചക്കും അതിനെതിരായി ഒരു നൂറ്റാണ്ടോളം നീണ്ടുനിന്ന പോരാട്ടങ്ങൾക്കുമൊടുവിലാണ് ഇന്ത്യ സ്വതന്ത്രമാവുന്നത്. പിന്നീട് നാം ഒരു ജനാധിപത്യ-മതേതരത്വ-പരമാധികാര രാഷ്ട്രമായി സ്വയം പ്രഖ്യാപിച്ചു. ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ ബഹുജന പ്രസ്ഥാനമാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരം. ഇതിലും വലിയൊരു ബഹുജന പ്രസ്ഥാനം ലോകത്തൊരിടത്തും ഉണ്ടായിട്ടില്ല. ഒരു ജനത മുഴുവൻ ഈ പ്രസ്ഥാനത്തിൽ പങ്കുകൊണ്ടുവെന്നതാണ് ഇതിനർത്ഥം. അതു കൊണ്ടുതന്നെ അതിനു ഒരു ബഹുസ്വരതയുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ യതാർത്ഥ ജനകീയ സ്വഭാവവും പൈതൃകവും മതേതരത്വമായിരുന്നു. ഉയർന്ന ജനകീയ ബോധത്തിന്റെയും മതങ്ങളുടെയും ഭാഷകളുടെയും നാനാത്വത്തിലുള്ള ഐക്യത്തിന്റെയും ജനാധിപത്യ-മതനിരപേക്ഷ ആശയങ്ങളുടെ സ്വീകാര്യതയുടെയും സൃഷ്ടിയാണ് ഇന്ത്യ.

ജനങ്ങളാൽ, ജനങ്ങൾക്കു വേണ്ടി, ജനങ്ങളുടെ എന്ന പ്രശസ്തമായ ഉദ്ധരണി തന്നെയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ സാരവത്തായ പൊരുൾ. രാജ്യത്തെ മുഴുവൻ പൗരന്മാർക്കും സുരക്ഷിതത്വം നൽകാനും പരമാധികാര-മതേതരത്വ-സോഷ്യലിസ്റ്റു റിപ്പബ്ലിക്കായി ഇന്ത്യയെ മാറ്റാനും നാം ഇന്ത്യൻ ജനത പ്രതിജ്ഞാബദ്ധമാണെന്ന് ഭരണഘടനയുടെ ഉപക്രമത്തിൽ പറയുന്നുണ്ട്.

പക്ഷേ, സ്വാതന്ത്ര്യത്തിന്റെ അറുപതാണ്ടുകൾക്കിപ്പുറവും രാജ്യത്തെ ന്യൂനപക്ഷ-അധസ്ഥിത വിഭാഗങ്ങൾ കൂടുതൽ അരികുവത്കരിക്പ്പെടുന്നതിന്റെ ദുരന്ത ചിത്രങ്ങളാണ് നമുക്കുമുന്നിൽ തെളിയുന്നത്. വ്യത്യസ്ത ജനവിഭാഗങ്ങളുൾക്കൊള്ളുന്ന ഇന്ത്യൻ സമൂഹത്തിൽ രാജ്യത്തിന്റെ ശാക്തീകരണത്തിനൊപ്പം സഞ്ചരിക്കാൻ പല കാരണങ്ങളാൽ സാധിക്കാതെ വന്നവരാണ് ന്യൂനപക്ഷ ജനവിഭാഗങ്ങൾ, പ്രത്യേകിച്ചും പ്രബല ന്യൂനപക്ഷമായ മുസ്ലിംകൾ, ബോധപൂർവ്വമോ അല്ലാതെയോ അവഗണിക്കപ്പെട്ടവരും, അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരുമാണ് ഇന്ത്യയിലെ മുസ്ലിംകൾ. സാംസ്കാരികത്തനിമ കാത്തു സൂക്ഷിക്കുവാൻ വിഷമമനുഭവിക്കുന്നവരും നിയമ വാഴ്ചയുടെ പരിരക്ഷയില്ലാതെ സുരക്ഷ അപകടത്തിലാവുകയും നീതി നിഷേധിക്കപ്പെട്ട് നമ്മുടെ രാജ്യത്തെ പ്രബല ന്യൂനപക്ഷങ്ങൾ മാറിക്കഴിഞ്ഞു.

ഒരു ന്യൂനപക്ഷ വിരുദ്ധ അപസ്മാരം സൃഷ്ടിക്കപ്പെടുകയും വലിയ തോതിലുള്ള കലാപങ്ങൾ സൃഷ്ടിച്ച് അവരെ വീണ്ടും തകർക്കുകയും പാർശ്വവൽക്കരിക്കുന്നതുമൊക്കെ ഇന്ത്യയിൽ പതിവുകാഴ്ചയായി

മാറിയിരിക്കുന്നു. ഉത്തരേന്ത്യയിൽ നടക്കുന്ന വർഗ്ഗീയ കലാപങ്ങളിൽ മിക്കതിന്റെയും പിന്നിലും ഇത്തരമൊരു അജണ്ട നിലനിൽക്കുന്നതായി കാണാം. ഇന്ത്യയിലെ വർഗ്ഗീയതയെ സംബന്ധിച്ചു പഠനം നടത്തിയ സുരജ്ഞൻദാസ് മുതൽ അശുതോഷ് വാർഷ്ണേയി വരെയുള്ള നിരവധി ഗവേഷകർ കലാപങ്ങളുടെ പിന്നിലെ ഇത്തരം ഒളിയജണ്ടകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2002ലെ ഗുജറാത്ത് വംശഹത്യ സംബന്ധിച്ച് അമേരിക്കൻ പണ്ഡിത മാർത്താ നസ്ബോം നടത്തിയ പഠനങ്ങളിലും ഇതു പരാമർശിക്കപ്പെട്ടിട്ടുണ്ട്. രാജ്യത്തെ പ്രബല ന്യൂനപക്ഷം, ഇങ്ങനെ സാമ്പത്തിക ചൂഷണത്തിനും സാമൂഹിക വിവേചനത്തിനും സാംസ്കാരിക അടിച്ചമർത്തലുകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്നത് ചരിത്രത്തിന്റെ ദാരുണമായ നേർസാക്ഷ്യമാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ന്യൂനപക്ഷ ജനത എത്തിച്ചേർന്നിട്ടുള്ള അപകടകരമായ സാമൂഹിക സാഹചര്യത്തെ മറികടക്കാനുള്ള ഏകവഴി രാഷ്ട്രീയ ശാക്തീകരണമാണെന്ന് സമ്മതിക്കേണ്ടിവരും. രാഷ്ട്രീയ പ്രബുദ്ധതയിലൂന്നിയ സംഘശക്തികൊണ്ടു മാത്രമേ ന്യൂനപക്ഷങ്ങൾക്കു ആത്മാഭിമാനത്തോടെ നിലനിൽക്കാൻ കഴിയുകയുള്ളൂവെന്ന തിരിച്ചറിവിൽ നിന്നുള്ള ധീരമായ ഇടപെടലുകളാണ് പുതിയ കാലം ആവശ്യപ്പെടുന്നത്. നവോത്ഥാന നായകരും പരിഷ്കർത്താക്കളും ഈ സത്യം വിളിച്ചുപറഞ്ഞവരായിരുന്നു. 1857ലെ ഒന്നാം സ്വാതന്ത്ര്യാനന്തരം അടിച്ചമർത്തപ്പെട്ട മുസ്ലിം സമൂഹത്തിനു സർ സയ്യിദ് അഹമ്മദ്ഖാൻ നൽകിയ സന്ദേശം 'ആധുനിക വിദ്യാഭ്യാസം, ആധുനിക രാഷ്ട്രീയം' എന്നതായിരുന്നു.

ശ്രീനാരായണ ഗുരു ഈഴവ സമൂഹത്തോടു നിരന്തരം പറഞ്ഞത് 'വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടനകൊണ്ടു ശക്തരാവുക' എന്നായിരുന്നു. അന്യരുടെ കാൽക്കീഴിൽ ജീവിക്കാനിഷ്ടപ്പെടാത്ത ദളിത് വിഭാഗത്തിനു ഡോ. അംബേദ്കർ നൽകിയ സന്ദേശം 'സംഘടിക്കുക, വിദ്യാഭ്യാസം നേടുക, ക്ഷോഭിക്കുക' എന്നതായിരുന്നു. പരിഷ്കർത്താക്കളെല്ലാം സംഘടിത ശക്തിയുടെ മർമ്മമറിഞ്ഞവരായിരുന്നു. രാഷ്ട്രീയ പ്രബുദ്ധതയിൽ നിന്നു മാറി സഞ്ചരിക്കുകയും അരാഷ്ട്രീയവത്കരിക്കപ്പെടുകയും ചെയ്ത ജനതയുടെ ദുരന്തം കേരളേതര സംസ്ഥാനങ്ങളുടെ വർത്തമാനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഗുജറാത്ത് കലാപത്തെക്കുറിച്ചു പുറത്തിറങ്ങിയ, രാകേഷ് ശർമ്മയുടെ ഡോക്യുമെന്ററിയുടെ പേരു തന്നെ 'രാഷ്ട്രീയമില്ലാത്ത ജനതയുടെ ദുരന്തം' എന്നാണ്. രാഷ്ട്രീയ പ്രബുദ്ധതയുടെയും സംഘബോധമില്ലായ്മയുടെയും ദുരന്തം തന്നെയാണ് പശ്ചിമ ബംഗാളിലെ മുസ്ലിം സമൂഹത്തിന്റെ വർത്തമാനങ്ങൾ നമ്മോടു പറയുന്നതും.



ന്യൂനപക്ഷ രാഷ്ട്രീയം; കേരളാ മോഡൽ:

ന്യൂനപക്ഷ സമൂഹത്തെ എല്ലാ അർത്ഥത്തിലും അരികുവത്കരിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളെ രാഷ്ട്രീയ ശാക്തീകരണ മുന്നേറ്റങ്ങളിലൂടെ പ്രതിരോധിച്ചു നിർത്തുന്നതിൽ കേരളത്തിലെ ന്യൂനപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സൃഷ്ടിപരമായ പങ്കുവഹിച്ചിട്ടുണ്ട്. പ്രത്യേകിച്ചും കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കിടയിൽ മുസ്ലിംലീഗ് നടത്തിയ സാമൂഹിക-വിദ്യാഭ്യാസ പരിശ്രമങ്ങൾ അവഗണിക്കാനാവാത്ത മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്.

സാമൂദായികമായി സംഘടിച്ച് മതേതരമായി പ്രവർത്തിക്കുക എന്ന രാഷ്ട്രീയാദർശത്തിൽ മതേതരമായൊരു പൊതുഇടത്തിൽ കേരള മുസ്ലിംകളെ മാറ്റിപ്പാർപ്പിക്കുന്നതിൽ മുസ്ലിംലീഗ് എത്ര സമർത്ഥമായി വിജയിച്ചുവെന്നു നാമറിയുക മറ്റിടങ്ങളിൽ അരികുപറ്റി ജീവിക്കേണ്ടിവരുന്ന ന്യൂനപക്ഷ സമുദായങ്ങളെ പഠിക്കുമ്പോഴാണ്.

കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ പ്രത്യേകിച്ചും മുസ്ലിംകളുടെ ജീവിതാവസ്ഥ മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളെക്കാൾ പതിന്മടങ്ങ് ഭേദമാണെന്ന് സച്ചാർ കമ്മിറ്റി റിപ്പോർട്ടടക്കം സമഗ്രമായിത്തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇക്കാര്യത്തിൽ മുസ്ലിംലീഗിന്റെ പങ്കിനെ തിരസ്കരിച്ചുകൊള്ളുള്ള അന്വേഷണങ്ങൾ അപൂർണ്ണമാണ്. കാരണം ഒരു സമുദായത്തിന്റെ ശാക്തികവത്കരണം ആത്യന്തികമായി നടക്കുന്നത് ആ സമുദായത്തിനു ഭരണാധികാരത്തിൽ പങ്കാളിത്തം



ലഭിക്കുമ്പോഴാണ്. അധികാരത്തിന്റെ പ്രാന്തമേഖലകളിൽ ഒതുക്കപ്പെട്ട വിഭാഗമാണ് കേരളേതര സംസ്ഥാനങ്ങളിലെ മുസ്‌ലിം സമൂഹം.

മാത്രവുമല്ല, റിലീജിയസ് ഐഡന്റിറ്റിയെ പൊളിറ്റിക്കൽ ഐഡന്റിറ്റി കൂടിയാക്കി വികസിപ്പിച്ചെടുക്കുക എന്ന രാഷ്ട്രീയ ദർശനം കാലം തന്നെ ശരിവെച്ചിട്ടുണ്ട്. മുസ്‌ലിംലീഗ് കാലങ്ങളോളം പരീക്ഷിച്ചറിയുകയും ചരിത്രം ശരിവെക്കുകയും ചെയ്തിട്ടുള്ള ഈ മാർഗ്ഗത്തെ സച്ചാർ കമ്മിറ്റി കേരളവുമായി ബന്ധപ്പെടുത്തി പുകഴ്ത്തിയ കാര്യം വിസ്മരിക്കാൻ കഴിയില്ല.

മതം നൽകുന്ന വ്യക്തിത്വം ഒരു രാഷ്ട്രീയ അസ്തിത്വമാക്കി വികസിപ്പിച്ചെടുക്കുകയെന്നത് അത്യന്തം ത്യാജ-ഗ്രാഹ്യ ബുദ്ധിയോടെയും വിശാല മനസ്കതയോടെയും നിർവ്വഹിക്കേണ്ട ഒന്നാണ്. മതത്തിന്റെ അതിരുകളും പരിമിതികളും ഒരു മതവിശ്വാസിയെ സംബന്ധിച്ച് പരമ പ്രധാനമാണ്. ഇവ ലംഘിക്കാതെ അകത്തു നിന്നുകൊണ്ടു തന്നെ സമൂഹത്തെ ജനാധിപത്യത്തിന്റെ അതിരുകളില്ലായ്മകളിലേക്കു നയിക്കുകയെന്നത് ദുഷ്കരമായ ദൗത്യമാണ്. ഈ രാഷ്ട്രീയ ദർശനം ജനാധിപത്യ സമൂഹത്തിൽ പ്രായോഗികമാണെന്ന സ്വന്തം ജീവിതം കൊണ്ട് അടയാളപ്പെടുത്തുകയായിരുന്നു ഖാഇദെമില്ലത്തും ബാഫഖി തങ്ങളും സീതി സാഹിബും തൊട്ട് സിഎച്ചും ശിഹാബ് തങ്ങളും വരെയുള്ളവർ. നമ്മുടെ ബഹുസ്വരതയിൽ ജനാധിപത്യവത്കരണത്തിന്റെ ഏറ്റവും മുന്തിയ മാർഗ്ഗം ഈ രാഷ്ട്രീയ ദർശനമാണെന്ന അവരുടെ കാഴ്ചപ്പാടുകൾ ശരിയാണെന്നതിനു ചരിത്രം സാക്ഷിയാണ്.

ജനാധിപത്യ-മതേതരത്വ ആദർശങ്ങൾ പുലരണമെങ്കിൽ എല്ലാവിധത്തിലുമുള്ള ആശയങ്ങളുടെയും സഹവർത്തിത്തം ആവശ്യമാണ്. ഇതു നിലനിർത്തുന്നതിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചുമതല ഭാരിച്ചതാണ്. മുസ്‌ലിം സമൂഹത്തിന്റെ പ്രതിനിധാനത്തെ തീവ്ര വർഗ്ഗീയ ചിന്താധാരയുടെ ഉപാസകരാക്കി മാറ്റുംവിധം പൊതു സമൂഹത്തിൽ തെറ്റിദ്ധരിപ്പിക്കാനും കലുഷമാക്കാനുമുള്ള തീവ്രശ്രമങ്ങളുടെ ഭാഗമായി സാമ്രാജ്യത്വ ശക്തികളും സിയോണിസ്റ്റുകളും കള്ളപ്രചാരണങ്ങളുടെ പരമ്പരകൾ സൃഷ്ടിക്കുന്ന കാലത്ത്, സമാധാനത്തിന്റെയും ശാന്തിയുടെയും പദങ്ങൾകൊണ്ട് അഭിസംബോധനം ചെയ്യുംവിധം ഒരു സമൂഹത്തെ മലയാളക്കരയിൽ സൃഷ്ടിച്ചെടുത്തുവെന്നതാണ് ഖാഇതെമില്ലത്തിന്റെ രാഷ്ട്രീയ ദർശനത്തിന്റെ ഏറ്റവും ശ്രദ്ധേയമായ നേട്ടം. ഇത്തരം ക്രിയാത്മക ഇടപെടലുകളാണ് കേരളത്തിലെ ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കു അഭിമാനകരമായ അസ്തിത്വം നൽകിയത്. പാർശ്വവത്കൃത സമൂഹത്തിന്റെ വികസനവും മതസൗഹാർദ്ദവും ലക്ഷ്യമാക്കിയുള്ള ന്യൂനപക്ഷ രാഷ്ട്രീയം എങ്ങനെ സമർത്ഥമായി നടപ്പിലാക്കാം എന്നതിനു മുസ്‌ലിംലീഗിന്റെ കേരളാ മോഡൽ വഴിക്കാട്ടിയാവുന്നു.

ജനകീയ ഇടപെടലുകളുടെ സമയം

നമ്മുടെ രാഷ്ട്രീയവും മതവും മതനിരപേക്ഷതയും അതിനിശിതമായി കുറ്റവിചാരണചെയ്യപ്പെടുന്നത് അപകടകരമായ വർത്തമാനത്തിൽ ജനപക്ഷത്തു നിന്നുള്ള ഇടപെടലുകൾ ശക്തിപ്പെടുത്തേണ്ടത് ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ സങ്കീർണ്ണമായ ഉത്തരവാദിത്തമാണ്. രാഷ്ട്രീയ പ്രബുദ്ധതയിൽ നിന്നും അരാഷ്ട്രീയവാദത്തിന്റെ ആലസ്യതയിലേക്കു കേരളത്തിലെ യുവതയെ മാറ്റിപ്പാർപ്പിക്കാനുള്ള സമർത്ഥമായ ഇടപെടലുകൾ ഒരു ഭാഗത്ത് ശക്തിയാർജിക്കുന്നു. മറുഭാഗത്ത് ഭരണകൂടത്തോടു ജനാധിപത്യരീതിയിൽ പ്രതികരിക്കാനും പ്രതിഷേധിക്കാനും സ്വാതന്ത്ര്യമുള്ള നമ്മുടെ രാജ്യത്ത് ജനാധിപത്യ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നതിനു പകരം, മതത്തിന്റെ പരിവേഷം ചാർത്തി തീവ്രവാദത്തിന്റെ പരിസരങ്ങളിലേക്കു യുവതയുടെ ശ്രദ്ധ ക്ഷണിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഏറ്റവും വലിയ ദുരന്തമായി മാറുന്നു. മനുഷ്യന്റെ ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിനു സങ്കുചിതമായ അതിരുകൾ വളച്ചുകെട്ടി അസഹിഷ്ണുത പരത്തുന്നത് ഏറ്റവും

വലിയ സാമൂഹിക പ്രതിസന്ധിയായിത്തീർന്നിരിക്കുന്നു. ഇന്ത്യ മുഴുവൻ മാതൃകയെന്നു മലയാളി ചൂണ്ടിക്കാട്ടിയ മൈത്രിയുടെ മഹാഗോപുരത്തിനു പരിക്കേൽക്കും വിധം മനുഷ്യ മനസ്സുകൾക്കിടയിൽ അകലം വർദ്ധിക്കുന്നത് നമ്മുടെ സാമൂഹിക ജീവിത പരിസരങ്ങളിൽ ഗുരുതരമായ അസ്വസ്ഥതകളുണ്ടാക്കുന്നു.

മതനിരപേക്ഷ പ്രബുദ്ധതയിലൂടെ പുതിയ കാലത്തെ വഴിനടത്താൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നിരന്തരമായ ഇടപെടലുകൾ ശക്തിയാർജ്ജിക്കേണ്ട സന്ദർഭമാണിത്. മതമൂല്യങ്ങൾ പ്രചരിപ്പിക്കുവാനും അതിനനുസൃതമായി സമാധാനപൂർവ്വം ജീവിക്കുവാനും അനുവദിക്കുന്ന ഈ മണ്ണിനെ അപകടമായ ഇടപെടലുകളിലൂടെ മലീമസമാക്കുന്നത് ന്യായീകരിക്കാനാവില്ല. മതേതര മൂല്യങ്ങൾക്കും മാനവികതക്കും എതിരായി തീവ്രചിന്തകൾ യുവാക്കളിലേക്കു പടർത്തുന്നവരെ ഒറ്റപ്പെടുത്തുവാനുള്ള ശക്തവും ആത്മാർത്ഥവുമായ നിലപാടുകളാണിന്നുണ്ടാവേണ്ടത്.

രാഷ്ട്രീയ മാനവികതയുടെ വീണ്ടെടുപ്പിന്

മനുഷ്യ മനസ്സുകൾക്കിടയിൽ കാലുഷ്യത്തിന്റെ കനലുകൾ പെയ്തിറങ്ങുന്ന ആസുരതയുടെ വർത്തമാനത്തിൽ മാനവികതയുടെ വിശാലതയിലേക്കു വഴിനടത്തുന്ന രാഷ്ട്രീയ കാഴ്ചപ്പാടുകൾ വ്യാപകമായി ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്.

സമൂഹത്തിന്റെ പൊതുഭാഗധേയങ്ങളുമായി ബന്ധപ്പെട്ടു മാത്രമേ എല്ലാ വിഭാഗങ്ങളുടെയും പ്രത്യേകിച്ചും ന്യൂനപക്ഷത്തിന്റെ പുരോഗതി സാധ്യമാവുകയുള്ളൂവെന്ന കാഴ്ചപ്പാടാണു പുതിയ തലമുറയെ മുന്നോട്ട് നയിക്കേണ്ടത്. മത സാംസ്കാരിക വ്യക്തിത്വം നിലനിർത്തിക്കൊണ്ട് സൗഹൃദത്തിന്റെ കരുതൽ സൂക്ഷിക്കുവാനും രാഷ്ട്ര നന്മക്കുവേണ്ടി പ്രവർത്തിക്കുവാനും കരുത്തുപകരുന്ന ഇടപെടലുകൾക്കു മാത്രമേ സാമൂഹിക കാലുഷ്യങ്ങൾക്കറുതി വരുത്തുവാൻ കഴിയുകയുള്ളൂ. ഇതു തിരിച്ചറിഞ്ഞ് സാഹചര്യത്തിനൊത്ത് ഉണരേണ്ടത് രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ബാധ്യതയാണ്. മതേതര ജീവിതത്തിന്റെയും സാംസ്കാരിക ബഹുസ്വരതയുടെയും സംരക്ഷിത മേഖലകളെ വിപുലപ്പെടുത്തേണ്ടതിനു സാധ്യമായ മുഴുവൻ വഴികളും ഉപയോഗിച്ചു പരിശ്രമിക്കേത് ശരിയായ രാഷ്ട്രീയ ധർമ്മം കൂടിയാണ്.

മതേതരത്വത്തിലും ജനാധിപത്യത്തിലും സഹിഷ്ണുതയിലും സമുദായങ്ങളുടെ സമാധാനപരമായ സഹവർത്തിത്വത്തിലും അടിയുറച്ചു നിന്നുകൊണ്ടുള്ള ഇടപെടലുകൾ ന്യൂനപക്ഷ രാഷ്ട്രീയത്തിനു അന്തസ്സാർന്ന ഔന്നത്യവും പ്രോജ്ജ്വലമായ തിളക്കവും നൽകുമെന്നത് തീർച്ചയാണ്.



SAFA FLOOR MILL
Behind Riyad Bank
NEAR OLD AL - HADI CLINIC - BATHA-RIYADH
MOB: 0594152522 -0501029917

Tel: 2767283
Mob: 0501029917



ZAIN
SWEETS AND NUTS
Near Arabian Cargo -Rail St. Behind Riyad Bank
Batha- Riyadh

Ramshad Mob: 0591245303
: 0501029917



ZAIN
FOOT WEAR
Behind Riyad Bank, Rail St. Batha- Riyadh



Gents Land
Rail Street, Near Shifa Ayurvedic
Behind Riyad Bank, Batha- Riyadh

റോളക്സ് & അറേബ്യൻ കാർഗോ
ഓൾ ഇന്ത്യാ ഡോർ ടു ഡോർ സർവീസ്
Tel.4125411,2767283,4156970
റിയാദ്-ബത്ഹ-റെയിൽസ്ട്രീറ്റ് (റിയാദ് ബാങ്കിന് പിൻവശം) സൗദി അറേബ്യ

ആത്മീയം

സുഫ്‌യാൻ
അബ്ദുസ്സലാം റിയാദ്

പൊരുളറിയേണ്ട ആരാധനകൾ

ദൈവിക മതത്തിന്റെ യഥാർത്ഥ ലക്ഷ്യം മനുഷ്യനെ സംസ്കാരമുള്ളവനാക്കി ഇഹപര വിജയം സമ്മാനിക്കുക എന്നതാണ്. സംസ്കാരവും ഔന്നത്യവും പണംകൊടുത്തു വാങ്ങാൻ സാധിക്കുന്ന വസ്തുക്കളല്ല. ഏതൊരു വ്യക്തിയുടെ സംസ്കാരവും അയാളുടെ മാനസികമായ വളർച്ചയുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. മനസ്സിനാവട്ടെ തിന്മയോടാണ് ചായ്‌വ് എന്ന് മനുഷ്യ മനസ്സിന്റെ സൃഷ്ടിപരമായ പ്രകൃതിയെ കുറിച്ച് വിവരിക്കുമ്പോൾ ഖുർആൻ വ്യക്തമാക്കുന്നുണ്ട്. മനസ്സിനെ കടിഞ്ഞാണില്ലാതെ സ്വതന്ത്രമായി വിട്ടാൽ അത് തേടിപ്പോവുന്നത് തിന്മകളുടെ മേച്ചിൽ പുറമായിരിക്കുമെന്നതു സത്യമാണ്.

'ആത്മാവിനെ പരിശുദ്ധമാക്കിവയർ വിജയിച്ചിരിക്കുന്നു. അതിനെ മലിനമാക്കിയവർ പരാജയപ്പെട്ടിരിക്കുന്നു' എന്ന ഖുർആനിക വാക്യം മനുഷ്യന്റെ ജയപരാജയങ്ങളുടെ അടിസ്ഥാന കാരണം മനുഷ്യ മനസ്സിന്റെ താളക്രമങ്ങൾ ആണെന്ന് വ്യക്തമാക്കുന്നു. മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചപ്പോൾ തന്നെ മനുഷ്യന്റെ അസ്തിത്വത്തെ അവന് കൃത്യമായി ക്രമീകരിക്കുകയുണ്ടായി. ആ അസ്തിത്വത്തിന്റെ ഭാഗമായി മനുഷ്യമനസ്സിന് അതിന്റെ ദുഷ്ടതയെക്കുറിച്ചും സൂക്ഷ്മതയെ കുറിച്ചുമുള്ള ബോധനം നൽകുകയും ചെയ്തു. മനസ്സാണ് ശരീരത്തെ നിയന്ത്രിക്കുന്നത്. ശരീരം പ്രവർത്തിക്കുന്നത് മനസ്സിന്റെ ആജ്ഞക്കനുസരിച്ചാണ്. തിന്മകളെ വിപാടനം ചെയ്യുന്നതിന് വേണ്ടി ഭരണകൂടങ്ങളും നേതാക്കളും അവ പ്രവർത്തിക്കുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായി കാണാൻ കഴിയും. എന്നാൽ അവയെ അടിച്ചമർത്താൻ കഴിയാതെ തിന്മകൾ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു എന്ന കാര്യവും നാം കണ്ടുകൊണ്ടിരിക്കുന്നു. വ്യവസ്ഥിതിയുടെ മാറ്റത്തിലൂടെ മനുഷ്യന്റെ അതിക്രമങ്ങളെ നേരിടാൻ ശ്രമിക്കുന്നവർ ഒടുവിൽ പരാജയപ്പെടുക മാത്രമല്ല അവരുടെ പരിഷ്കരണ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ മനുഷ്യനെ കൂടുതൽ തിന്മകളിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്.



തോക്കിൻ കുഴലിലൂടെ വിപ്ലവം നടപ്പാക്കാൻ തുനിഞ്ഞ കമ്മ്യൂണിസവും സാമ്പത്തിക അധീശത്വത്തിലൂടെ ലോകത്തെ പുനക്രമീകരിക്കാമെന്ന് സ്വപ്നം കണ്ട കാപ്പിറ്റലിസവും നിർബന്ധിത സഹകരണത്തിലൂടെ ലോകത്തെ പരിവർത്തിപ്പിക്കാമെന്നു കരുതിയ സോഷ്യലിസവും തകർന്നു തരിപ്പണമായത് നാം കണ്ടു കഴിഞ്ഞു. മനുഷ്യന്റെ ഭൗതിക ശരീരത്തെ നിയന്ത്രിച്ചു കൊണ്ടിരിക്കുന്നത് മനസ്സിനെ അവഗണിച്ച് പുറംചികിത്സ നൽകിയതാണ്. ഇത്തരത്തിലുള്ള പ്രത്യയ ശാസ്ത്രങ്ങൾ തകരാനുള്ള കാരണം. വ്യവസ്ഥിതിയിൽ മാത്രമല്ല മനസ്ഥിതിയിൽ കൂടി മാറ്റം വരുമ്പോൾ മാത്രമേ പരിഷ്കരണം സാധ്യമാവുകയുള്ളൂ.

മനസ്സുകൾക്ക് പൂർണ്ണമായ ചികിത്സ നൽകാൻ മനുഷ്യ നിർമ്മിത സങ്കൾപ്പങ്ങൾക്കും ദർശനങ്ങൾക്കും സാധ്യമാവുകയില്ല. കാരണം ആത്മാവിനെ നിയന്ത്രിക്കുവാനും അവിടെ നടക്കുന്ന കാലുഷ്യങ്ങളുടെ കാരണങ്ങളെ കണ്ടെത്തുവാനുമുള്ള തിയറികൾ ഒരു ഭൗതിക പ്രത്യയശാസ്ത്രത്തിനും ആവിഷ്ക്കരിക്കാൻ സാധ്യമല്ല എന്നതാണ്.

ഇവിടെയാണ് ദൈവിക നിയമനിർദ്ദേശങ്ങൾ പ്രസക്തമാവുന്നത്. മനസ്സിനെയും ആത്മാവിനെയും ശുദ്ധീകരിക്കാനും അവക്ക് കടിഞ്ഞാണിടുവാനും ദൈവഭയം കൊണ്ട് മാത്രമേ സാധ്യമാവൂ. ദൈവഭയം കേവലം ഒരു ഭയപ്പാട് അല്ല; മറിച്ച് മനുഷ്യനും സൃഷ്ടാവും തമ്മിലുള്ള അത്യുദാത്തമായ വൈകാരിക ബന്ധമാണ്. ഭക്തി, സ്നേഹം, പ്രതീക്ഷ, ആത്മാർത്ഥത, കീഴൊതുക്കം, പേടി തുടങ്ങിയ അത്യുത്കൃഷ്ട ഗുണങ്ങൾ ഒത്തു ചേർന്ന തീഷ്ണമായ ബന്ധം. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ഈ ബന്ധത്തെ മുൻനിർത്തി നിയമങ്ങൾ പഠിപ്പിച്ച ദൈവിക ദർശനമായ ഇസ്ലാമിനെ മനസ്സിലാക്കുന്നതിൽ മുസ്ലിംകൾ പോലും പരാജയപ്പെട്ടു എന്നതാണ് വർത്തമാന മുസ്ലിം സമുദായത്തിന്റെ ദുരന്തം. തുച്ഛമായ കാര്യലാഭങ്ങൾക്ക് വേണ്ടി ഭാര്യയെയും മക്കളെയും കൊലപ്പെടുത്തിയ സംഭവം ഇസ്ലാമിക പ്രബോധനം നടത്തുന്ന സംഘടനകൾ ധാരാളമുള്ള മലപ്പുറം ജില്ലയിൽ ആയിരുന്നു എന്ന കാര്യം നമ്മെ ഞെട്ടിപ്പിക്കുന്നു. പാതിരാവിന്റെ ഇരുളിൽ സ്വന്തം കുടുംബത്തിലെ ധനാഢ്യനായ ഒരാളെ കൊലപ്പെടുത്തിയ സംഭവം മുസ്ലിം പണ്ഡിതരും നേതാക്കളും പ്രമുഖരുമുള്ള ഒരു നാട്ടിലായിരുന്നു എന്നതും ലജ്ജാകരമായി അവശേഷിക്കുന്നു. ഏകനായ ദൈവത്തെ മാത്രം ആരാധിക്കുന്ന, അവന്റെ കൽപനകളും നിരോധനങ്ങളും അറിയുന്ന, പരിഷ്കൃത സമൂഹമെന്നു അഭിമാനിക്കുന്ന മുസ്ലിം സമൂഹത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാവുന്നത് എന്ത് കൊണ്ട് എന്ന് ചിന്തിക്കാനും പരിശോധിക്കാനും തമ്മിൽ കീറുന്ന ഇസ്ലാമിക സംഘടനകളോ മുസ്ലിം നേതാക്കളോ തയ്യാറാവുന്നില്ല. നമസ്കാരവും നോമ്പും ഹജ്ജും തുടങ്ങി ഒട്ടനവധി ഇസ്ലാമിക കർമ്മങ്ങളുടെ നിർവഹണത്തിലും അതിന്റെ ശാഖോപശാഖകളിലും സൂക്ഷ്മത വേണമെന്ന് പറഞ്ഞു നിഷ്കർഷത പുലർത്തുന്ന സമുദായത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് എന്ത്കൊണ്ട് എന്ന് നാം വിലയിരുത്തേണ്ടതുണ്ട്.

തുച്ഛമായ കാര്യലാഭങ്ങൾക്ക് വേണ്ടി ഭാര്യയെയും മക്കളെയും കൊലപ്പെടുത്തിയ സംഭവം ഇസ്ലാമിക പ്രബോധനം നടത്തുന്ന സംഘടനകൾ ധാരാളമുള്ള മലപ്പുറം ജില്ലയിൽ ആയിരുന്നു എന്ന കാര്യം നമ്മെ ഞെട്ടിപ്പിക്കുന്നു.

മുസ്ലിമാവുക എന്നത് ഒരു സമുദായത്തിൽ അംഗമാവുക മാത്രമാണ് എന്ന് പലരും തെറ്റിദ്ധരിച്ചിരിക്കുന്നു. വിവാഹം, മരണം തുടങ്ങിയ പ്രശ്നങ്ങൾ വരുമ്പോൾ ഏതെങ്കിലും ഒരു സമുദായാംഗം ആവാതെ വ്യക്തിപരമായി ബാധിക്കുന്ന ഇത്തരം വിഷയങ്ങളിലെ അനുഷ്ഠാനങ്ങളും കർമ്മങ്ങളും നിർവഹിക്കാൻ സാധ്യമല്ല എന്നത് കൊണ്ട് മാത്രമാണ് പലരും ഏതെങ്കിലും ഒരു സമുദായത്തിലെ അംഗമായി നിൽക്കാൻ പ്രേരിപ്പിച്ചിരിക്കുന്നത്. ഇസ്ലാം നിർബന്ധമാക്കിയ ആരാധനാ കർമ്മങ്ങൾ വീഴ്ചകൂടാതെ നിർവഹിക്കുന്നവരാണ് മുസ്ലിം സമുദായത്തിലെ നല്ലൊരു ശതമാനം ആളുകൾ. പക്ഷെ ഇസ്ലാം എന്താണെന്നോ ഒരു മുസ്ലിം എങ്ങനെയാവണമെന്നോ ഗൗരവപൂർവ്വം ചിന്തിക്കാൻ ആരും ശ്രദ്ധിക്കാറില്ല. അനുഷ്ഠാന കർമ്മങ്ങൾ മുറ തെറ്റാതെ നിർവഹിക്കുന്നവർ ആകുന്നു ഇവരിൽ ഭൂരിഭാഗമെങ്കിലും താൻ നിർവഹിച്ചു കൊണ്ടിരിക്കുന്ന ഈ അനുഷ്ഠാന കർമ്മങ്ങളുടെ ആന്തരികമായ ഭംഗി ആസ്വദിക്കാനുള്ള ഭാഗ്യം ഇവർക്കുണ്ടാവാറില്ല. എല്ലാവരും അതിന്റെ പുറംമോടിയിലും അതിന്റെ കർമ്മ രൂപങ്ങളിലും മാത്രമാണ് ശ്രദ്ധിച്ചുവരുന്നത്. ദൈവഭയത്തെക്കാളുപരി യാന്ത്രികമായി നടന്നുകൊണ്ടിരിക്കുന്ന കർമ്മങ്ങൾ മാത്രമാണ് അവ.

ആരാധനാ കർമ്മങ്ങളുടെ ലക്ഷ്യത്തെ കുറിച്ചും അത് ഒരു വ്യക്തിയിൽ സമ്മാനിക്കേണ്ട പ്രതിഫലനങ്ങളെ കുറിച്ചുമുള്ള ബോധമില്ലായ്മയാണ് അവയുടെ ആന്തരിക ഭംഗി സ്വാംശീകരിക്കപ്പെടാതെ യാന്ത്രികമായി അവ നിർവഹിക്കപ്പെടാനുള്ള കാരണം. ഇസ്ലാമിലെ ഓരോ ആരാധനയും കേവലം അനുഷ്ഠാനങ്ങളല്ല.



ഓരോ ആരാധനയും അത് നി ർവഹിക്കുന്ന വ്യക്തിയെ സംസ്കരിക്കുന്നു എന്നാണു ഇസ് ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്ന ത്.

നമസ്കാരമാണല്ലോ ഇസ്ലാ മിലെ ഏറ്റവും വിശിഷ്ടമായ ആരാധന. നമസ്കാരത്തിന്റെ ശർത്തും ഫർദും സുന്നത്തു മൊക്കെ നോക്കി അത് ഭംഗിയാ ക്കുന്ന വിശ്വാസി അതിന്റെ ആത്മാ വായ 'ഖുശൂഉ' (ദൈവ ഭക്തി) മറന്നുപോവുന്നു. അല്ലാഹുവു മായി ഞാൻ നടത്തുന്ന ഏറ്റവും ഉദാത്തമായ സംഭാഷണമായി നമ സ്കാരത്തെ കാണാൻ അയാൾക്ക് സാധിക്കാതെ വരുന്നു. തന്നിൽ ഉത്കൃഷ്ട ഗുണങ്ങൾ വളർത്താൻ വേണ്ടിയും ദുഷ്ടതകളും മ്ലേഛ തകളും വരാതിരിക്കാനും വേണ്ടി യാണ് അല്ലാഹു എന്നോട് ഈ കർമ്മങ്ങൾ സമയബന്ധിതമായി ചെയ്യാൻ നിർബന്ധിച്ചിട്ടുള്ളത് എന്നയാൾ ഓർക്കുന്നില്ല. ഏറ്റ വും ഉദാത്തമായ ആ കർമ്മം പോ ലും ആലസ്യത്തോടെ ചെയ്തു തീർക്കുന്ന ഒരു ചടങ്ങായി മാറി. പിന്നെ എങ്ങനെ ദൈവഭയം ആ വിശ്വാസിയിൽ അങ്കുരിക്കും?

ഖുർആൻ പറഞ്ഞത് ഇപ്രകാര മാണ്. 'നമസ്കാരം സകല മ്ലേഛ തകളിൽ നിന്നും തിന്മകളിൽ നി ന്നും തടഞ്ഞുനിർത്തുന്നു' (29:45) 'നമസ്കരിക്കുന്നവർക്ക് നാ ശം; അവർ അവരുടെ നമസ്കാര ത്തിൽ അശ്രദ്ധരാണ്, ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തി ക്കുന്നവരാണ്' (107:4-6). വ്രതാനു ഷ്ഠാനത്തെ കുറിച്ച് ഖുർആൻ പ റഞ്ഞത് 'നിങ്ങൾ ജീവിത വിശുദ്ധി ഉള്ളവരായിത്തീരാൻ' എന്നാ ണ്. മുഹമ്മദ് നബി (സ) 'നോമ്പ് തിന്മകളെ ചെറുക്കാനുള്ള പരിച യാണ്' എന്നും പറഞ്ഞു. 'ഉമ്മ പ്ര സവിച്ച ദിവസത്തിലേക്ക് മടങ്ങി വന്നവനെപ്പോലെ' എന്ന് ഹജ്ജ് കർമ്മം വിശുദ്ധമായി ചെയ്തവരെ കുറിച്ചും പ്രവാചകൻ പറയുക യുണ്ടായി. ഈ ആശയങ്ങളിൽ നിന്നും നമുക്ക് വ്യക്തമാവുന്നത് ഈ കർമ്മങ്ങൾ ചെയ്യുന്നവരിൽ അറിഞ്ഞു കൊണ്ട് തിന്മകളിലേക്ക് പോവില്ല എന്നാണ്. ചുരുക്കത്തിൽ ഇസ്ലാമിലെ ആരാധനകളുടെ പൊരുളറിഞ്ഞു കൊണ്ട് അവ നിർവഹിക്കുകയാണ് തിന്മകളെ ഇല്ലാതാക്കാനുള്ള മാർഗ്ഗം. അത് തന്നെയാണ് ഇന്നിന്റെ ആവശ്യവും.

റിയാദ് മലപ്പുറം ജില്ല കെ. എം. സി. സി.

32 ബൈത്തുറഹ്മ വീടുകൾ നിർമ്മിച്ചു നൽകും.

മലപ്പുറം ജില്ല മുസ്ലിംലീഗ് കമ്മിറ്റി ജില്ലയിൽ നടപ്പാക്കി ക്കൊണ്ടിരിക്കുന്ന ബൈത്തുറഹ്മ (കാരുണ്യഭവനം) പദ്ധതി ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ സംസ്ഥാന അധ്യക്ഷനും മതേതര കേരളത്തിന്റെ ജീവനാഡിയുമാ യിരുന്ന മർഹൂം പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങ ളുടെ സ്മരണകൾ നിലനിർത്തുന്നതിന് വേണ്ടി വിഭാവനം ചെയ്ത ബൈത്തുറഹ്മ പദ്ധതി ഇപ്പോൾ സംസ്ഥാനത്തൊട്ടാകെ മുസ്ലിം ലീഗ് കമ്മിറ്റി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. 'കെട്ടിട വിപ്ലവം' നടത്തി മനോഹരമായ ഒരു ശിഹാബ് തങ്ങൾ സ്മാരക സൗധം സ്ഥാപിക്കുക എന്നത് പാർട്ടിയെ സംബന്ധിച്ചിടത്തോളം നിഷ്പ്രയാ സമായ ഒരു കാര്യമാണ്. പക്ഷേ, മുസ്ലിംലീഗ് ശ്രമിച്ചത് അതിനല്ല. ജാതി മതവ്യത്യാസമില്ലാതെ സാധാരണക്കാരുടെ മനസ്സിലിറങ്ങി അവരുടെ വേദനകൾ തന്റേതാക്കിയ ആ മനുഷ്യസ്നേഹിക്ക് സ്മാ രകം പണിയുന്നത് ഇത്തരത്തിലുള്ള കാരുണ്യഭവനം പദ്ധതിയിലൂ ടെയാണ് നല്ലതെന്ന് മുസ്ലിംലീഗ് നേതാക്കൾ തിരിച്ചറിയുകയായിരു ന്നു.

ജാതി മത വ്യത്യാസമില്ലാതെ തെരഞ്ഞെടുക്കപ്പെട്ട നിരാ ലംബരായ കുടുംബങ്ങൾക്ക് ഭവനം ഉണ്ടാക്കുക എന്ന ഈ പദ്ധതി കേരളീയ പൊതുസമൂഹം നെഞ്ചോട് ചേർത്തിരിക്കുന്നു എന്ന് പ റയുന്നതിൽ അഭിമാനമുണ്ട്. മുസ്ലിംലീഗിന്റെ ഒരു പ്രധാനപ്പെട്ട പോഷക സംഘടന എന്ന നിലയിൽ റിയാദ് കെ.എം.സി.സി. മല പ്പുറം ജില്ലാ കമ്മിറ്റിയും അതിന്റെ ഭാഗമാകാൻ തീരുമാനിച്ചിരിക്കു കയാണ്. മലപ്പുറം ജില്ലയിലെ വീടില്ലാത്ത നിർധനരായ 32 കുടും ബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകാൻ തീരുമാനിച്ചിരിക്കുന്നു. ജില്ലാ കമ്മിറ്റിക്ക് കീഴിലുള്ള 16 മണ്ഡലം കമ്മിറ്റികളുടെയും പരിപൂർണ്ണ മായ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടിയാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടമെന്നോണം 16 വീടുകളുടെ നിർമ്മാണം ഒരു വർഷത്തിനകം പൂർത്തിയാക്കും. നിർധനരായ ഇതര സമുദായ ങ്ങൾക്കും വീടുകൾ നിർമ്മിച്ചു നൽകും. ജാതി മത രാഷ്ട്രീയ പരിഗ ണനകൾ ഒന്നുമില്ലാതെ പൂർണമായും അതിന്റെ അർഹരിൽ എത്തി ക്കുന്നതിനു വേണ്ടി അപേക്ഷകൾ മുസ്ലിംലീഗ്, കെ.എം.സി.സി. നേതാക്കളുടെ പരിശോധനക്ക് വിധേയമായിരിക്കും. കെ.എം.സി.സി. സഊദി നാഷണൽ കമ്മിറ്റിയുടെയും സെൻട്രൽ കമ്മിറ്റിയുടെയും സഹകരണം ഈ പദ്ധതിക്കുണ്ടായിരിക്കും.

പദ്ധതിയുടെ വിജയത്തിനായി റിയാദിലെ സാമൂഹ്യ സാം സ്കാരിക മാധ്യമ വാണിജ്യരംഗത്തെ പ്രമുഖരെ ഉൾപ്പെടുത്തി വിപുലമായ 101 അംഗ സംഘാടക സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. വിപുലമായ പ്രചാരണ പരിപാടികൾ അടുത്ത മാസം ആദ്യവാരം ആരംഭിക്കും. പദ്ധതിയുടെ പ്രചരണാർത്ഥം വരും മാസങ്ങളിൽ മല പ്പുറം ജില്ല മുസ്ലിംലീഗ് പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, ജനറൽ സെക്രട്ടറി പി. അബ്ദുൽ ഹമീദ് മാസ്റ്റർ, നഗര വികസന മന്ത്രി മഞ്ഞളാംകുഴി അലി തുടങ്ങിയ മുസ്ലിംലീ ഗിന്റെ പ്രമുഖരായ നേതാക്കൾ റിയാദിലെത്തും. റിയാദ് മലപ്പുറം ജില്ല കെ.എം.സി.സി.യുടെ പ്രവർത്തനങ്ങൾക്ക് റിയാദിലെ പൊ തു സമൂഹവും മീഡിയകളും നൽകുന്ന സർവ്വപിന്തുണയും ഈ അവസരത്തിൽ നന്ദിയുടോകൂടി ഓർക്കുകയാണ്. തുടർന്നും എല്ലാവ രുടെയും പിന്തുണയും സഹായവും അഭ്യർത്ഥിക്കുകയാണ്.

മുഖ്യ രക്ഷാധികാരി
കുന്നുമ്മൽ കോയ

ചെയർമാൻ
അബ്ദുസ്സമദ് കൊടിഞ്ഞി

കൺവീനർ
ശുഐബ് പനങ്ങാങ്ങര

ട്രഷറർ
നജ്മുദ്ധീൻ മഞ്ഞളാംകുഴി



റഫീഖ് തിരുവള്ളൂർ

സ്വകാര്യ താൽപര്യാർത്ഥം ഒരു മലപ്പുറം ഹരജി

മലപ്പുറത്ത് ബാല്യകൗമാരങ്ങൾ ചെലവിട്ട ഒരന്യനാട്ടുകാരന്റെ കുറിമാനങ്ങൾ

"ഉൽസാഹശാലികളും അരിഷ്ടിച്ചു ജീവിക്കുന്നവരും നന്നാവണമെന്ന് ആഗ്രഹിക്കുന്നവരുമാണ് മുസ്‌ലിം സമുദായം മൊത്തത്തിൽ. അതിൽ മുഴുവനുമല്ലെങ്കിലും മിക്കവാറും പേരും നിരക്ഷരരുമാണ്".

1887-ൽ എഴുതപ്പെട്ട, മലബാറിലെ ബ്രിട്ടീഷ് കലക്ടറായിരുന്ന വില്യം ലോഗന്റെ മലബാറിലെ മുസ്‌ലിം ജനങ്ങളെക്കുറിച്ചുള്ള പ്രാഥമിക വിവരണത്തിൽ നിന്നാണ് ഈ വാചകഖണ്ഡം. കയ്യെഴുത്ത് പ്രതികളും അച്ചടിച്ച കൃതികളുമായി അറബി മലയാളത്തിലുള്ള ഒട്ടേറെ ഗ്രന്ഥങ്ങൾ മലബാറിലെ ഓരോ മുസ്‌ലിം വീട്ടിലും വായിക്കപ്പെട്ടിരുന്ന കാലമാണത്. മനുഷ്യനെ സാക്ഷരരാക്കുന്ന ഒരു ഭാഷയായി മുസ്‌ലിംകൾ സ്വയം സൃഷ്ടിച്ച അറബി മലയാളം പരിഗണിക്കപ്പെടാതിരിക്കുക കാരണം ലോഗന് തന്റെ അഭിപ്രായം തെറ്റി. ഇങ്ങനെ തെറ്റിപ്പോയ അഭിപ്രായ രൂപീകരണങ്ങളുടെ ഒരു കൃത്യം ഇന്നും തിരുത്തപ്പെടാനുള്ള ഊഴം കാത്ത് ചരിത്രത്തിൽ നിൽപ്പുണ്ട്. കേരളത്തിന്റെ പൊതുസാക്ഷരത പത്തുശതമാനം മാത്രമായിരുന്ന കാലത്ത് അറബി മലയാളം വായിക്കാനറിയാത്ത, പ്രായ പൂർത്തിയായ സ്ത്രീ പുരുഷൻമാർ മലബാറിൽ വിരളമായിരുന്നത് എന്നു കൂടി ഓർക്കുക.

മലപ്പുറം എന്തു വായിക്കുന്നു, എങ്ങനെ വായിക്കപ്പെടുന്നു, എന്തെഴുതുന്നു, എങ്ങനെ എഴുതപ്പെടുന്നു എന്നിവയെല്ലാം മലയാളത്തിലെ പുതു സംസ്കാര പഠനങ്ങളിലെ വിശിഷ്ട ഇനമാണിന്ന്. മലപ്പുറത്തെത്തുമ്പോൾ വാക്കുകൾക്ക് പ്രതിനിധാനക്ഷമത കൂടുകയും അവയുടെ പ്രതിനിധാനം തന്നെ മാറിപ്പോവുകയും ചെയ്യുന്നു. കത്തി, ബോംബ്, അരപ്പട്ട എന്നിങ്ങനെ വാക്കുകൾ ധാരാളമുണ്ട്. വർഷങ്ങളായി മലപ്പുറത്ത് താമസിച്ച അന്യദേശക്കാരൻ ഒരു സുഹൃത്ത് ഈയിടെ മലപ്പുറത്തെപ്പണ്ട് ചുരുക്കി വിവരിച്ചത്





മീഡിയ തരുന്ന വായനകളിലും എഴുത്തുകളിലും എഴുന്നള്ളിക്കപ്പെടുന്ന പൊതുഘടകം ഒരു കൗതുകമാണ്. കൗതുകം ജനിപ്പിക്കുന്ന ഘടകമാകട്ടെ മലപ്പുറത്ത് മുസ്‌ലിംകൾ ധാരാളമായി ഒന്നിച്ചു താമസിക്കുന്നു എന്നതും. അതോടൊപ്പം അതി ബുദ്ധിജീവി വ്യവാഹരങ്ങളിൽ പുനസൃഷ്ടിക്കപ്പെടുന്ന മലപ്പുറം വായനകളും പലപ്പോഴും അത്യുക്തികളിൽ മാത്രം പുളയുന്നു.

ഇങ്ങനെയാണ്. സാനിയ മിർസ, മമ്മൂട്ടി, ഇർഫാൻ പത്താൻ, പൊറോട്ട, ബീഫ്, ഫ്രൈഡേ. കേരളത്തിലെ ഒരു പത്രസ്ഥാപന മേധാവി തങ്ങളുടെ പത്രത്തിന്റെ പുതിയ എഡിഷൻ മലപ്പുറത്താണോ തുടങ്ങുന്നത് എന്ന ചോദ്യത്തിന് ഞങ്ങൾക്ക് പത്രം അറബി മലയാളത്തിൽ തുടങ്ങാൻ ഉദ്ദേശ്യമില്ലെന്ന് മറുപടി പറഞ്ഞത് വർഷങ്ങൾക്ക് മുമ്പാണ്. ഇന്നാ പത്രത്തിന് മലപ്പുറത്ത് ആഘോഷ പൂർവം സ്ഥാപിച്ച എഡിഷനുമുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനങ്ങളും പിന്തുണക്കലുകളും ഈ പ്രസ്താവനകളിൽ കുമിഞ്ഞുകൂടുന്നത് കാണാം. സെവൻസ് ഫുട്‌ബോൾ, ലോകകപ്പ് ഫുട്‌ബോൾ എന്നിവയെ പശ്ചാത്തലമാക്കി എഴുതപ്പെട്ട ഒട്ടേറെ പഠനങ്ങളിൽ മലപ്പുറത്തെ ഹൃസ്വമായും ദീർഘമായും വായിക്കാനാകും. എഴുത്തിന്റെ പുതുകാലത്ത് മലപ്പുറം കടന്നു വരുന്ന പ്രതിനിധാന സ്വഭാവമുള്ള പ്രമേയങ്ങളും നിരീക്ഷണങ്ങളും മാറി മറിയാൻ തുടങ്ങി. മലയാളത്തിലെ ആദ്യത്തെ ഹിപ്‌ഹോപ് ബാൻഡുമായി വന്ന സംഘം തങ്ങളുടെ ബാൻഡിനു പേരിട്ടത് മാപ്പിള ലഹളയെന്നാണ്.

അപ്പോഴും, സാധാരണക്കാരുടെ വ്യവഹാരങ്ങളിലും സമീപനങ്ങളിലും മലപ്പുറം അതിന്റെ യഥാർത്ഥമായ ജീവിതം സാക്ഷാത്കരിച്ചിട്ടും മീഡിയ പലപ്പോഴും പഴയ സാമാന്യ ബോധങ്ങളെ പുനരാനയിക്കാനുള്ള കഠിന തപസ്സുകളിൽ തന്നെയാണെന്നു കാണുന്നതാണ് സങ്കടകരം. മീഡിയ തരുന്ന വായനകളിലും എഴുത്തുകളിലും എഴുന്നള്ളിക്കപ്പെടുന്ന പൊതുഘടകം ഒരു കൗതുകമാണ്. കൗതുകം ജനിപ്പിക്കുന്ന ഘടകമാകട്ടെ മലപ്പുറത്ത് മുസ്‌ലിംകൾ ധാരാളമായി ഒന്നിച്ചു താമസിക്കുന്നു എന്നതും. അതോടൊപ്പം അതി ബുദ്ധിജീവി വ്യവാഹരങ്ങളിൽ പുനസൃഷ്ടിക്കപ്പെടുന്ന മലപ്പുറം വായനകളും പലപ്പോഴും അത്യുക്തികളിൽ മാത്രം പുളയുന്നു. മലപ്പുറത്തിന്റെ ഒത്തുജീവിതത്തെ സെവൻസ് ഫുട്‌ബോൾ ഉത്സവങ്ങളും നേർച്ചകളും ചേർന്ന് പുഷ്ടിപ്പെടുത്തുന്നു എന്ന തരത്തിലുള്ള നേരിനെ നിസ്സാരപ്പെടുത്തുകയല്ല, അപ്പോഴും മലപ്പുറത്തെ എഴുതുകയും വായിക്കുകയും ചെയ്യുന്നതിലെ വേർത്തിരിവുകളെ തിരുത്തുകയാണ്.

മാപ്പിളകൾ മുസ്‌ലിംകളാണ്, അവരുടെ സിരകളിൽ ഓടുന്നത് അറബി രക്തമാണ്. അവരുടെ പൂർവികർ വളരെ വർഷങ്ങൾക്കു മുമ്പ് അറേബ്യയിൽ നിന്നെത്തി മലബാറിൽ പാർപ്പുറപ്പിച്ചതായി പറയപ്പെടുന്നു. പെട്ടെന്ന് പൊട്ടിത്തെറിക്കുന്ന പ്രകൃതമാണ് അവരുടേത്. നിമിഷ നേരംകൊണ്ട് അവർ ക്രോധാവേശിതരായി അക്രമത്തിലേക്ക് തിരിയുമെന്ന് എഴുതിയത് (collected works vol-:21) മഹാത്മാഗാന്ധിയാണ്. ലോഗൺ പരിഗണിച്ചത് പ്രകാരമുള്ള (മെക്കാള സായിപ്പ് പരിഷ്കരിച്ച) അക്ഷരജ്ഞാനം നേടി, അഭ്യസ്തവിദ്യരായി മാറിയ മലപ്പുറത്തുകാരുടെ ജീവിത സത്യങ്ങൾ ചെന്ന് ഈ രേഖകളെ തിരുത്തിയാൽ പോലും മായാതെ തുടരും അവയുണ്ടാക്കിയ സാമാന്യ ബോധങ്ങൾ. ഈ സാമാന്യബോധങ്ങൾക്കു പുറത്തു കടന്നുള്ള വായനകളാണ്, നോട്ടങ്ങളാണ് മലപ്പുറത്തിന്റെ ജീവിതം ഇപ്പോൾ ആവശ്യപ്പെടുന്നത്.

വ്യക്തികളും സമുദായങ്ങളും പരസ്പര ഭിന്നങ്ങളോ പൂരകങ്ങളോ ആയി വർത്തിക്കുകയും സഹവർത്തിക്കുകയും ചെയ്യുന്നതിന് സംസ്കാരവും രാഷ്ട്രീയവും ജീവിതവുമൊക്കെയാണ് ഹേതുക്കൾ. പ്രദേശങ്ങൾക്കും ബാധകമാണ് ഈ പറഞ്ഞവയെ ചൊല്ലിയുള്ള ചേർന്നു നിൽപുകളും വേറിട്ടു നിൽപുകളും. ദേശങ്ങളുടെ ജീവിതത്തിനുമുണ്ട് സംസ്കാരത്തിന്റെ രാഷ്ട്രീയവും രാഷ്ട്രീയത്തിന്റെ സംസ്കാരവും. കയ്യൊഴിയുക പ്രയാസവും നിലനിർത്തുക പ്രധാനവുമായ ഐഡന്റിറ്റികളായാണ് അവ കരുതപ്പെടുന്നത്. മതവും സംസ്കാരവും ജീവിതത്തിന് എപ്പോഴും സമര കേന്ദ്രങ്ങളാണ്. മലപ്പുറം അതിന്റെ ജീവിതത്തിലുടനീളം തുടരുന്ന സമരവുമാണിത്. ജന്മം കൊണ്ടല്ലെങ്കിൽ ജീവിതം കൊണ്ട് ഒരുവേള മലപ്പുറത്തുകാരനോ/കാരിയോ ആയിത്തീരുന്ന ഒരാൾക്ക് മലപ്പുറം കേരളത്തിനകത്ത് ജീവിക്കുന്ന മറ്റൊരു ജീവിതം വേഗത്തിലനുഭവപ്പെടും. കാസർകോടും വയനാട്ടിലും, ഏതു ജില്ലയിലും ഈ അനുഭവാന്തരം കാണും. മലപ്പുറത്തെത്തുമ്പോൾ അതു മുൻവിധികളുടെ കൊഴിഞ്ഞ് പോക്കിനു കാരണമാകുന്നു എന്നു മാത്രം.

ദൃശ്യവും അദൃശ്യവുമായ ഒട്ടേറെ ഉദ്വേഗങ്ങളുടെ അയഞ്ഞതും മുറുകിയതും നിരന്തര പരിണാമിയും മാറാൻ വിസമ്മതിക്കുന്നതുമായ ബഹുലമായ ജീവിതം ഈ ജില്ലക്കുമുണ്ട്. ബഹുലവും വിപുലവുമായ പ്രാദേശിക ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കും സംസ്കാരത്തിന്റെ ഉൾത്തടങ്ങളിലേക്കും ഉണർന്നെണീറ്റ ജീവിതം ജനം കാഴ്ചവെക്കുന്ന ഒരിടമാണ് മലപ്പുറം. സാമൂഹ്യ മാറ്റത്തിനുള്ള കലഹത്തിലൂടെയും കലാപത്തിലൂടെയും കടന്നുപോന്ന ഒരിടം എന്ന നിലക്ക് മലപ്പുറത്തിന് പ്രത്യേകമായുള്ള വിപത് സന്ദേശങ്ങളുണ്ടോ? കേരളത്തിലാകെ പൊതുവായുള്ളത് മലപ്പുറവും പങ്കുവെക്കുന്നു എന്നതല്ലേ വാസ്തവം.

> **മലപ്പുറം അതിന്റെ ദൈന്യതയുടെ പടം പൊഴിക്കുന്നതിനെ നിരുൽസാഹത്തോടെ ശ്രദ്ധിക്കുന്നവരുമുണ്ട്. എന്നിട്ടും പറയുന്നവരിലും കേൾക്കുന്നവരിലും സംവാദാന്തരീക്ഷം ഒരുക്കുന്ന പ്രതിനിധാനങ്ങളെക്കൊണ്ട് സമ്പന്നമാണിപ്പോൾ മലപ്പുറം.**

ജീവിതത്തിന്റെ കേന്ദ്രങ്ങളിലേക്ക് പ്രാന്തങ്ങളിൽ നിന്ന് ഒരു ജില്ലയും അവിടത്തെ ജനതയും കയറിവരുന്നത് അസഹിഷ്ണുത ഉളവാക്കിയിട്ടുണ്ട് എന്നതാണ് മേപ്പടി ഉദ്വേഗങ്ങൾക്കു പിറകിലെ സത്യം. മലപ്പുറം അതിന്റെ ദൈന്യതയുടെ പടം പൊഴിക്കുന്നതിനെ നിരുൽസാഹത്തോടെ ശ്രദ്ധിക്കുന്നവരുമുണ്ട്. എന്നിട്ടും പറയുന്നവരിലും കേൾക്കുന്നവരിലും സംവാദാന്തരീക്ഷം ഒരുക്കുന്ന പ്രതിനിധാനങ്ങളെക്കൊണ്ട് സമ്പന്നമാണിപ്പോൾ മലപ്പുറം. പഴങ്കഥകൾ പിറകോട്ട് വലിക്കുന്ന ബലാൽക്കാരങ്ങളെല്ല, മുന്നോട്ടു നയിക്കുന്ന പുരോഗമന സ്വഭാവമുണ്ട് ഇപ്പോഴിതിന്. എല്ലാ ദേശങ്ങളും ഏകദേശമാണിന്നിപ്പോൾ. എന്നിട്ടും മലപ്പുറം പിന്നിലല്ല എന്നു സാക്ഷ്യപ്പെടുത്തുന്നു ഓരോ പുതുക്കങ്ങളും.



മലയാളത്തിലെ മുന്നോക്കം നിൽക്കുന്നവയും പിന്നോക്കം നിൽക്കുന്നവയുമായ പത്രങ്ങൾക്ക് മലപ്പുറത്ത് എഡിഷനുകളുണ്ട് ഇപ്പോൾ. മലപ്പുറത്തിന്റെ ശബ്ദമാകാനുള്ള മത്സരത്തിലാണവ. മലപ്പുറത്തിന്റെ സമീപ ഭൂതകാലം പത്ര എഡിഷനുകളുടെ ഉദ്ഘാടനവും പുസ്തക പ്രകാശനങ്ങളും ചലച്ചിത്ര ഉത്സവങ്ങളും നാടക രാത്രികളുമായിരുന്നു. മലപ്പുറത്തെ മുക്കിലും മൂലയിലുമുള്ള പോസ്റ്റ്മാന്മാർക്ക്, ഗൾഫ് കത്തുകളുടെ വരവ് നിലച്ചതോടെ, പണി കൊടുക്കുന്നത് മലപ്പുറത്തേക്കൊഴുകുന്ന ഇസ്ലാമിക പ്രസിദ്ധീകരണങ്ങളാണെന്ന് ചെമ്മാട്ടെ തപാൽ ശിപായി പറയുമായിരുന്നു. മാലകൾ വായിച്ചിരുന്ന ഒരു ജനം വായനയുടെ പെരുപ്പത്തിൽ പരിഭ്രമിച്ചുവോ എന്നു തോന്നുമാറ് സജീവമാണവ. അറിയലിന്റെയും അറിയിക്കലിന്റെയും ഭാഷക്കു പകരം അനുഭവിക്കലിന്റെയും അനുഭവിപ്പിക്കലിന്റെയും ഭാഷ ഉപയോഗിച്ച കേൾവിയും പാരമ്പര്യവും മലപ്പുറത്ത് ബാക്കിയുണ്ട്. രാപ്രഭാഷണങ്ങൾ മുതൽ കഥാപ്രസംഗങ്ങൾ വരെയുള്ള പഴയ കാലത്തിനു പകരം സെമിനാറുകൾ, ഓപ്പൺഫോറങ്ങൾ എന്നിങ്ങനെ വായനയുടെ മെയിൻ റോഡ് വഴി തന്നെ യാത്രചെയ്യുന്നു മലപ്പുറം. സമീപകാലമാകട്ടെ വികസന മാതൃകകൾ കൊണ്ടും ജയഭേരികൾ കൊണ്ടും ഈ നാടിനെ ജീവിതമുഖരിതമാക്കുകയും ചെയ്യുന്നു. മാസങ്ങൾക്ക് മുമ്പ് ഉദ്ഘാടനം ചെയ്യപ്പെട്ട മഞ്ചേരിയിലെ മെഡിക്കൽ കോളജ് പോലും തൊട്ടു മുമ്പത്തെ ഒരു തീരുമാനത്തിന്റെ പൂരണമല്ല മലപ്പുറത്തിന്, അനേക വർഷങ്ങളുടെ പ്രയാണത്തിന്റെ ഫലമാണത്. ബഹുലവും വിപുലവുമായ പ്രാദേശികത. മലപ്പുറത്തിന്റെ ജീവിത കിസ്സ ദിനേനെ പുതുക്കപ്പെടുന്നു. അതിന്റെ പഴയ കിസ്സകളിൽ നിന്ന്

ഒട്ടുദൂരം പുറത്തു കടന്നിരിക്കുന്നു. പക്ഷേ...

ഹിന്ദുത്വ ചരിത്ര രചയിതാക്കളും പ്രചാരകരും നിർമ്മിക്കുന്ന ഇസ്‌ലാമിന്റെ വ്യാപന ചരിത്രത്തിലെ രണ്ട് പ്രധാന പ്രമേയങ്ങളാണ് അക്രമണവും അനിയന്ത്രിത ലൈംഗികതയുമെന്ന് വിഖ്യാത ചരിത്രകാരനായ ഗ്യാനേന്ദ്ര പാണ്ഡ്യയുടെ ഒരു പരാമർശമുണ്ട് രഞ്ജിത് ഗൂഹ എഡിറ്റ് ചെയ്ത In defence of Fragment: Writing about Hindu Muslim Riots India എന്ന പുസ്തകത്തിൽ. ഇങ്ങനെ വികസിതമായ ഒട്ടേറെ സാമാന്യ ബോധങ്ങളുടെ കേരളത്തിലെ ഏറ്റവും വലിയ ഇര കൂടിയാണ് മലപ്പുറം. മാപ്പിളയാണ് മലപ്പുറത്തിന്റെ പേരുദോഷത്തിൽ ഒരേസമയം പ്രതിയും വാദിയും പരാതിക്കാരനുമെല്ലാം.

മലപ്പുറത്തെക്കുറിച്ച് ഇങ്ങനെ ഒട്ടധികം സാമാന്യ ബോധങ്ങളുടെയും മുൻവിധികളുടെയും നിർമ്മാണത്തിന് കാരണം മലപ്പുറത്തിന്റെ പഴയ കിസ്സകളുമാണ്. മലയാള സിനിമയിൽ അടുത്ത കാലം വരെ തിരക്കഥാകൃത്തുക്കൾക്ക് നല്ലയിനം ബോംബ് കിട്ടുന്ന സ്ഥലം മലപ്പുറമാണ്. കേരളത്തിലെ ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഫോടനങ്ങളുടെ എണ്ണം പരിശോധിച്ചാൽ മലപ്പുറത്തെക്കുറിച്ചുള്ള ഈ കഥ തെറ്റ് സ്വയം വെളിപ്പെടുത്തും. പക്ഷേ ഇത് സൂചിപ്പിക്കുന്നത് മലപ്പുറത്തെക്കുറിച്ച് എഴുതപ്പെട്ടതല്ലാത്ത, അലിഖിതമെങ്കിലും ശക്തമായ ഒരു തിരക്കഥ കേരളത്തിലെ പൊതുജീവിതത്തിനകത്ത് ഉണ്ട് എന്നതാണ്. മലപ്പുറത്തിന്റെ എഴുതപ്പെടുന്ന സാംസ്കാരിക ജീവിതത്തിന്റെ വാസ്തവങ്ങളെ മുഴുവൻ അട്ടിമറിക്കാൻ മാത്രം ശക്തമാണ് മേൽപ്പറഞ്ഞ അജ്ഞാത തിരക്കഥ.



തൊണ്ണൂറുകളിലെ പാർട്ടി പിടിച്ചടക്കൽ സമയത്തെ പിണറായി വിജയന്റെ മലപ്പുറത്തു കാണാമെന്ന

> **കഴിഞ്ഞ സംസ്ഥാന സ്കൂൾ യുവജനോൽസവത്തിലെത്തുമ്പോൾ മലപ്പുറത്തിന്റെ ഇമേജ് മീഡിയ വലിയ തോതിൽ വിൽപ്പന നടത്തുകയുമുണ്ടായി. പക്ഷേ, മലപ്പുറത്തുകാർ കാണിച്ച ആത്മാർത്ഥതയുടെ തരിമ്പും തിരികെ നൽകുന്നതാകുന്നില്ല മാധ്യമങ്ങളുടെ അപ്പപ്പോഴുള്ള സ്ഥിതി വിവരണം.**

വെല്ലുവിളിക്കു പോലും ആധ്വനി നൽകിയിരുന്നു അന്നത്തെ വാർത്തയെഴുത്തുകാർ. അന്നു മറ്റൊന്നു കൂടി സംഭവിച്ചു. അന്യ വർഗ ചിന്താഗതിക്ക് പാർട്ടിയെ കീഴ്പ്പെടുത്തി എന്നാരോപിച്ച് അച്ച്യുതാനന്ദൻ പിണറായിക്കു നേരെ വന്നതും പിണറായി അച്ച്യുതാനന്ദന്റെ തലക്കു മീതെ മിന്നൽപ്പിണറായതും മലപ്പുറത്ത് വെച്ചാണ്. മലപ്പുറത്തിന്റെ ഇടം അതൊന്നു കൂടി പൊതുസമൂഹ മധ്യേ സാക്ഷ്യപ്പെടുത്തി. ഇടതുപക്ഷത്തെ നേർവഴിക്ക് നടത്താൻ വ്രതമെടുത്തിറങ്ങിയ എഴുത്തുകാരും ബുദ്ധിജീവികളും തമ്പടിക്കുന്നതും താമസിക്കുന്നതും മലപ്പുറം ജില്ലയിലെ എടപ്പാളിലും പൊന്നാനിയിലുമായി പിന്നീട്.

കഴിഞ്ഞ സംസ്ഥാന സ്കൂൾ യുവജനോൽസവത്തിലെത്തുമ്പോൾ മലപ്പുറത്തിന്റെ ഇമേജ് മീഡിയ വലിയ തോതിൽ വിൽപ്പന നടത്തുകയുമുണ്ടായി. പക്ഷേ, മലപ്പുറത്തുകാർ കാണിച്ച ആത്മാർത്ഥതയുടെ തരിമ്പും തിരികെ നൽകുന്നതാകുന്നില്ല മാധ്യമങ്ങളുടെ അപ്പപ്പോഴുള്ള സ്ഥിതി വിവരണം. പാക്കിസ്ഥാനും കള്ളനോട്ടും വരുമ്പോൾ കണ്ട മലപ്പുറമല്ല, കേട്ട മലപ്പുറമാണ് വാർത്താ അവതാരകന്മാരുടെ മനസ്സിൽ പ്രവർത്തിക്കുക. ഇപ്പോൾ മലപ്പുറം കേരളത്തിന്റെ പൊതു ജീവിതത്തിന്റെ കേന്ദ്രത്തിലും തലപ്പത്തും നിലയുറപ്പിച്ചിരിക്കുന്നു. ചരിത്രം മലപ്പുറത്തിന്റെ ഈ ഇടപെടലുകളുടെയും ഇടപാടുകളെയും എങ്ങനെ രേഖപ്പെടുത്തുമെന്ന് അറിയില്ല. പക്ഷേ ഇതാദ്യമായി പതിവുള്ളതും പറഞ്ഞു കേൾക്കുന്നതുമായ വിഷയങ്ങൾക്കും കാര്യങ്ങൾക്കുമപ്പുറവുമായി മലപ്പുറം നമ്മുടെ വ്യവഹാരങ്ങളിൽ പ്രത്യക്ഷപ്പെടുകയാണ് ചെയ്തത്.

"...ത്ത്ത്തായുടെ ഉമ്മ എന്തിനാ ഞങ്ങളുടെ മുമ്പിലുള്ള വെള്ളമില്ലാത്ത ആ ചെറിയ തോട്ടിൽ വന്നു വെളിക്കിരിക്കുന്നത്..." എന്ന ചോദ്യത്തിന് വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പൂപ്പാക്കൊരാനണ്ടാർന്നു' എന്ന കഥയിലെ നായിക പറയുന്ന മറുപടി "അത് ഞങ്ങ ...ലാത്ത്രി നാട്ടുവയീ ഇരിക്കും പകലായിട്ടാ..." എന്നാണ്. രാത്രി നാട്ടുവഴിയുടെ മറയത്തും പകൽ ചെറിയ തോട്ടിറമ്പിലുമിറങ്ങി മല വിസർജ്ജനം ചെയ്യുന്ന കുടുംബത്തിലേക്ക് ബഷീർ എത്തിക്കുന്ന ഒരു പുതിയ സന്ദേശമുണ്ട്. "വീടുകളിൽ കക്കൂസ് ഉണ്ടാക്കിയാലെന്താ?" കഥയിലെ ആയിശ അതു പറഞ്ഞപ്പോൾ കുഞ്ഞുപ്പാത്തുമ്മ ഒന്നും പറഞ്ഞില്ല. ആയിശ പറഞ്ഞു കൊടുത്തു: "പിന്നെ ലാത്ത്രി എന്നു പറയരുത്. രാത്രി എന്നു പറയൂ".

വീട്ടിൽ മലമൂത്ര വിസർജ്ജനത്തിന് മറപ്പുരകൾ/കക്കൂസുകൾ നിർമ്മിക്കണമെന്ന് എഴുതിയ ബഷീർ ഭാഷയിൽ നടത്തിയ നിർമ്മാണപ്പണികൾ മനുഷ്യ ജീവിതത്തോട് ഏറ്റവും അടുത്തു നിൽ

ക്കുന്നത് ഈ ശൗചാലയപ്പുരയുടെ നിർമാണത്തിലാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിം ജീവിതത്തിൽ ബഷീർ നടത്തിയ ജീവിതബന്ധിയായ ക്രിയയും ഇതു തന്നെയാണ്. ഇതേ മുസ്‌ലിംകളുടെ ജീവിതം എത്ര മുന്നോട്ടു പോയി എന്നതിനു മലപ്പുറമാണ് തെളിവ്. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കും സംസ്കാരത്തിന്റെ ഉൾത്തടങ്ങളിലേക്കും ഉണർന്നെണീറ്റ ജനതയുടെ ജീവിതം അൽപമെങ്കിലും കാഴ്ചവെക്കുന്നു മലപ്പുറം. സാമൂഹിക മാറ്റത്തിന്റെ കലഹങ്ങളിലൂടെയും കലാപങ്ങളിലൂടെയും കടന്നുപോന്നിട്ടുണ്ട് മലപ്പുറം. ഇപ്പോഴത് തേടുന്നത് ജീവിതത്തിന്റെ അതിവിശാലമായ ആകാശങ്ങളെയാണ്.

മലപ്പുറം അതിന്റെ 'കേളി'യിലെ ദീനതയുടെ പടം പൊഴിക്കുന്നതിന്റെ ലക്ഷണങ്ങൾ മാധ്യമങ്ങൾ ആഘോഷത്തോടെ വിളംബരപ്പെടുത്തുന്നുണ്ട്. കേരളത്തിന്റെ മുൻ മുഖ്യമന്ത്രി തന്നെ ഒരുവട്ടം മലപ്പുറത്തെക്കുറിച്ച് അബദ്ധം പറഞ്ഞ് പ്രയാസപ്പെട്ടിട്ടുണ്ട്. മലപ്പുറത്തിന്റെ വിദ്യാഭ്യാസ മാറ്റത്തെ പ്രതിചേർത്തു സംസാരിച്ചു വേറൊരാളും വെട്ടിലായി. മലപ്പുറം കേൾക്കുന്നവരിലും പറയുന്നവരിലും സംവാദാന്തരീക്ഷമുണ്ടാക്കുന്ന പ്രതിനിധാനങ്ങളെക്കെയിപ്പോൾ സമ്പന്നമാണ്. മലപ്പുറം കത്തിയും കച്ചിത്തുണിയും തലപ്പാവുമൊക്കെ മാപ്പിളക്കു പോലും ഇപ്പോൾ സ്വന്തം അടയാളങ്ങളല്ല. പാരമ്പര്യത്തെ പിറകോട്ട് പിടിച്ചു വലിക്കുന്ന ബലാൽക്കാരമായല്ല, മുന്നോട്ട് ഗമിപ്പിക്കുന്ന ഊർജ്ജത്തിന്റെയും ആർജ്ജവത്തിന്റെയും ശേഷിയാണ് ഇപ്പോൾ മലപ്പുറം കാണുന്നത്. അങ്ങനെയാണ് മാപ്പിള ലഹള ഒരു സംഗീത ബാൻഡായി മാറിയത്. മാപ്പിള പഠനങ്ങളുടെ ഒരു പുതിയ ഓൺലൈൻ ഇടത്തിന് ബീഫ് ബിരിയാണി എന്നു പേരിടുന്നതിനെ കുറിച്ചാണ് മലപ്പുറത്തെ കുറെ എഴുത്തുകാരായ സുഹൃത്തുക്കളുടെ ഇപ്പോഴത്തെ ആലോചന. അത്രക്ക് സ്വയം വരിക്കുന്ന സ്വത്വരൂപകങ്ങളും മലപ്പുറം അതിന്റെ സന്തതികൾക്ക് തിരികെ നൽകി തുടങ്ങിയിരിക്കുന്നു.

> **ചരിത്രത്തെക്കുറിച്ചുള്ള ബഹുമുഖമായ വീക്ഷണങ്ങളെ നിരാകരിച്ചുകൊണ്ട് ഏകദിശാ വീക്ഷണം ആധിപത്യം തേടുമ്പോൾ ഭൂതകാലത്തിന്റെ സത്യമാണ് നിശബ്ദമാക്കപ്പെടുന്നതെന്ന് അവരിപ്പോൾ തുറന്നു പറയുന്നു.**

ജീവിതത്തിന്റെ ഓരോ പടവിനെയും ചുവടിനെയും തെറ്റായി വ്യാഖ്യാനിക്കുന്നതും തെറ്റായി ആഖ്യാനം ചെയ്യുന്നതുമായ ഒരു കാലത്ത് ജീവിതത്തിന്റെ ഒരവസരവും നിശിതമായ ഒരാശയത്തിന്റെയൊ ആഗ്രഹത്തിന്റെയൊ ഇരിപ്പിടത്തിൽ ഉറപ്പിക്കപ്പെടാത്ത കാലത്ത് മലപ്പുറത്തെ മാത്രം പഴയ കിസ്സകളിൽ തന്നെ കാണാനുള്ള ശ്രമങ്ങൾ പാഴായിപ്പോകുന്നു. പഴയ ചിഹ്നങ്ങളും കഥാവശിഷ്ടങ്ങളും ആത്മബല ബോധമായും വികസിക്കുന്നതിന്റെ ചിത്രവും ഇപ്പോൾ മലപ്പുറത്തിന്റേതായുണ്ട്. പാരമ്പര്യം യാഥാസ്തികത്വത്തിന്റെ ഇരിപ്പിടമല്ല. പരിവർത്തനത്തിന്റെ അക്ഷയഖനിയാണെന്ന് തിരിച്ചറിയപ്പെടുന്നു. "മാപ്പിള എന്നുള്ള പദവും കയ്ക്കുന്നു/വേപ്പിലയേക്കാൾ കഠിനം തന്നെ"യെന്നാണ് ആശാനെഴുതിയത്, ബ്രിട്ടീഷ് രേഖകൾ അടിസ്ഥാനമാക്കിയാലതേ സംഭവിക്കൂവെന്ന് അതിപ്പോൾ പുനർവായനകളിൽ തിരുത്തപ്പെടുന്നു. ചിരിത്രത്തെക്കുറിച്ച് പുലർത്തപ്പെടുന്ന ധാരണകളെ പൊളിച്ചെഴുതുന്നുണ്ട് നമ്മുടെ കാലത്തെ ചരിത്രമെഴുത്തുകാർ. ചരിത്രത്തെക്കുറിച്ചുള്ള ബഹുമുഖമായ വീക്ഷണങ്ങളെ നിരാകരിച്ചുകൊണ്ട് ഏകദിശാ വീക്ഷണം ആധിപത്യം തേടുമ്പോൾ ഭൂതകാലത്തിന്റെ സത്യമാണ് നിശബ്ദമാക്കപ്പെടുന്നതെന്ന് അവരിപ്പോൾ തുറന്നു പറയുന്നു. ഓരോ വിഭാഗവും ഭൂതകാലത്തെ സ്മരിക്കുന്നത് അവരുടേതായ ചെയ്തികളിലൂടെയാണ്. ചരിത്രം ഒരൊറ്റ കുഴൽവിളിയല്ല. ബഹുസ്വരങ്ങളാണെന്ന് വാദിക്കുന്നുണ്ട് റൊമിലാ ഥാപ്പർ. സ്വാമനാഥ ക്ഷേത്രത്തെ മുൻനിർത്തി, മുസ്‌ലിം ഇന്ത്യയെക്കുറിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള ധാരണകളെ പുന:പരിശോധിക്കുന്ന അവരുടെ പുസ്തകത്തിലാണിത്. ഇതേ സത്യങ്ങൾ മലപ്പുറത്തെക്കുറിച്ച് പ്രചാരത്തിലുള്ള ധാരണകൾക്കും ബാധകമാണ്. മലപ്പുറവും അതിന്റെ ജീവിതത്തെയും സാമൂഹ്യ ബന്ധങ്ങളെയും നിരന്തരം അഴിച്ചു പണിയുന്നുണ്ട്.



മലപ്പുറത്തിന്റെ കിസ്സകളിൽ പേരുകേട്ട മലപ്പുറം പട രക്തപങ്കിലമായ ഏറ്റുമുട്ടലിന്റെ മാത്രം ചരിത്രമല്ല. അതിൽ ഏറ്റുമുട്ടലിന്റെയും ഇഴകിച്ചേരലിന്റെയും ജീവിത വേഷങ്ങളമുണ്ട്. പാറനമ്പിക്കെതിരെയാണ് മാപ്പിളമാർ മലപ്പുറത്ത് സമരത്തിനിറങ്ങിയത്. പാറനമ്പിയെ മാപ്പിളമാർ എതിർക്കുന്നത് കരംപിരിവിന്റെ അനീതിയും നിസ്സഹമായ ജീവിതവും കാരണമാണ്. അദ്ദേഹത്തിന്റെ പന്തലൂർ നായർപ്പട പൂളക്കമണ്ണിൽ തമ്പടിച്ചതോടെയാണ് ഏറ്റുമുട്ടലിന്റെ വക്കിൽ സമരമെത്തുന്നത്. അപ്പോഴും നായർസേനാ നായകർ അറുമുഖനും മുകുന്ദനും സമരം കൂടാതെ കഴിക്കാൻ നോക്കി. പക്ഷേ വലിയങ്ങാടിയിലെ മുസ്‌ലിംപള്ളി അഗ്നിക്കിരയായി. കോട്ടപ്പടിയിലും പൂളക്കമണ്ണിലും ചോര തുള്ളിയിട്ടു. നാൽപ്പത്തിനാലു പേർ രക്തസാക്ഷികളായി. ഒടുവിൽ മനസ്സുമാറി പശ്ചാത്തപിച്ച പാറനമ്പി തന്നെ മലപ്പുറത്ത് മുസ്‌ലിംകളുടെ സുഖജീവിതം ഉറപ്പാക്കി. പള്ളി പുനരുദ്ധരിച്ചു. മാപ്പിളപ്പാട്ടിന്റെ 68 ഇശലുകളിലും നാലു വമ്പുകളിലും ഒരു കുതിരച്ചാട്ടത്തിലുമായി മോയിൻകുട്ടി വൈദ്യർ മലപ്പുറം പടയെ മലയാളത്തിന്റെ കാവ്യരേഖയാക്കി. മുസ്‌ലിം ഗൃഹങ്ങളിൽ ഈ പടപ്പാട്ടു പാടുന്നവരുടെ തലമുറ ഇപ്പോഴുമുണ്ട്. മലപ്പുറത്തെ ഈ പട 1921-ൽ കെട്ടഴിഞ്ഞ മാപ്പിള സമരത്തിന്റെ ആദ്യത്തെ അഗ്നിസ്ഫുലിംഗവും മലപ്പുറം മുസ്‌ലിംകളുടെ വലിയ സാംസ്കാരിക കേന്ദ്രമായതിന്റെ നിമിത്തവും ആയിത്തീർന്നുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു ചരിത്രം. മഹത്തായ മാപ്പിള പാരമ്പര്യം എന്ന കൃതിയിൽ സി.എൻ അഹ്മദ് മൗലവിയും കെ..കെ മുഹമ്മദ് അബ്ദുൽകരീമും എഴുതിയതാണിത്.

കേരളത്തിന്റെ രാഷ്ട്രീയ ബന്ധങ്ങളെ മലപ്പുറം സ്വാധീനിച്ചു തുടങ്ങിയിട്ട് ഏറെയായി. ഇപ്പോഴത് സ്വാധീനത്തിന് പകരം നിർണ്ണയത്തിന്റെ തന്നെ പദവികൾ കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്.

മലപ്പുറത്തിന്റെ പേരിൽ എഴുതപ്പെടുന്ന വാഴ്ത്തലും മലപ്പുറത്തിന്റെ ജീവിതം രേഖപ്പെടുത്തലുമല്ല ഈ ലേഖനം. കേരളത്തിന്റെ പൊതുസംസ്കാര ചന്തങ്ങളിൽ മലപ്പുറം നേടിയിരിക്കുന്ന സജീവതയിലേക്കുള്ള ഒരു ശ്രദ്ധക്ഷണിക്കൽ മാത്രമാണ്. അരികുകളിൽ നിന്ന് ജീവിതത്തിന്റെ കേന്ദ്രത്തിലേക്ക് ജനതയെ കൂട്ടത്തോടെ മാറ്റിപ്പാർപ്പിക്കാനാവില്ല. പുനരധിവാസം സാധ്യമല്ലാത്ത ഉഷ്ണ മേഖലയാണത്. പക്ഷേ അവരെ പതുക്കെയും ശ്രദ്ധയോടെയും മറ്റൊരു ജീവിതത്തിലേക്ക് ആനയിക്കാനാവും. പ്രലോഭനങ്ങളുടെ രാഷ്ട്രീയവും സംസ്കാരവും കയ്യാളുന്ന കേരളത്തിന്റെ പൊതുവേദികളിൽ മലപ്പുറം നേടിയ പൊതുസമ്മിതി ഒട്ടേറെ സമാഹരണങ്ങളുടെ ഫലമാണ്. ധനസമാരണം അവയിൽ അപ്രധാനമല്ല. ജീവിത വിരുദ്ധമെന്ന് അപഹസിക്കപ്പെടുന്ന വ്യവസായവൽക്കരണം ജനങ്ങളെ ദരിദ്രജീവിതത്തിൽ നിന്ന് മോചിപ്പിക്കുന്നതും അപ്രധാന കാര്യമല്ല. വോട്ടുകളുടെ വലിയ സമാഹാരം മാത്രമായിരുന്ന മലപ്പുറത്തിന്റെ രാഷ്ട്രീയ ശേഷി അതിനപ്പുറമുള്ള ചലനാത്മകത കൈവരിച്ചുകഴിഞ്ഞു. കേരളത്തിന്റെ രാഷ്ട്രീയ ബന്ധങ്ങളെ മലപ്പുറം സ്വാധീനിച്ചു തുടങ്ങിയിട്ട് ഏറെയായി. ഇപ്പോഴത് സ്വാധീനത്തിന് പകരം നിർണ്ണയത്തിന്റെ തന്നെ പദവികൾ കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. വ്യക്തിയും സമൂഹവും പ്രദേശവും പങ്കുവെക്കുന്ന സംസ്കാരവും രാഷ്ട്രീയവും മാത്രമല്ല ആത്മീയതയുമുണ്ട്. പ്രാദേശികമായ ഇങ്ങനെയൊരു സമ്പന്നത കൂടി മലപ്പുറത്തിന്റെ ഉള്ളടക്കത്തിലുണ്ട്. "ഭരണപരമായ സൗകര്യത്തെയും പിന്നോക്കാവസ്ഥയെയും പരിഗണിച്ച് ജില്ലകൾ രൂപീകരിക്കുമ്പോൾ മുസ്‌ലിം ഭൂരിപക്ഷമുണ്ടെന്നു പറഞ്ഞ് അതിനെ എതിർക്കുന്നത് ഗൗരവതരമായ ഒരു പ്രശ്നമാണ്. മുസ്‌ലിം വിരുദ്ധ ഹിന്ദു യാഥാസ്ഥിതികത്വമാണ് ഇതു പ്രകടമാക്കുന്നത്. ഒരു സംസ്ഥാനം, കാശ്മീർ മുഴുവൻ മുസ്‌ലിം ഭൂരിപക്ഷ പ്രദേശമായി ഇന്ത്യയിൽ നിലനിൽക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് അത്തരം ഒരു ജില്ലക്ക് നിലനിന്നുകൂടാ. ഭൂമിശാസ്ത്രപരമായ പിന്നോക്കാവസ്ഥയും ബന്ധങ്ങളുമാണ് ജില്ലകൾ രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിനെ പ്രേരിപ്പിച്ച ഘടകങ്ങൾ. ഈ ജില്ലകളുടെ ആസ്ഥാനം, പേര് എന്നീ വിശദാംശങ്ങൾ തീരുമാനിച്ചുകഴിഞ്ഞിട്ടില്ല എന്ന് ഇ.എം.എസ് ആണു വിശദീകരിച്ചത്.

ഉറൂബിന് മലയാളത്തിലെ മികച്ച ഗദ്യവും ഇടശ്ശേരിക്ക് പദ്യവും നൽകിയ മലപ്പുറം, ഏറ്റവും കൂടുതൽ നോട്ടീസുകളും വാൾപോസ്റ്ററുകളും വായിക്കുന്ന ജില്ല എന്ന ചീത്തപ്പേര് സാംസ്കാരിക വ്യവഹാരങ്ങളിൽ നേടിയതെന്ത്? എഴുത്തച്ഛന് എഴുത്തും മോയിൻകുട്ടി വൈദ്യർക്ക് മൊഴിച്ചന്തവുമേകിയ മലപ്പുറത്തിന്റെ സംസ്കാരത്തനിമയിൽ നിന്ന് പുസ്തകങ്ങൾ മാഞ്ഞതെങ്ങിനെ? മലപ്പുറത്തിന്റെ സംഭവ ബഹുലമായ ആന്തരിക ലോകത്തെ ബാഹ്യലോകം അറിയുന്നില്ല എന്നത് ദു:ഖകരമാണ്. വായനയുടെ, കാഴ്ചയുടെ രീതികൾ മാറ്റിയാലേ പുതിയ മലപ്പുറത്തെ ഒരു പക്ഷേ, തിരിച്ചറിയാനാകൂ. ആഴ്ചയിലൊരു ദിവസം നോക്കിവായിക്കപ്പെടുന്ന ജുമുഅ പ്രസംഗങ്ങൾ ശ്രവിക്കുന്ന മലപ്പുറം നിർവഹിക്കുന്ന വായനപോലും കാണാതിരിക്കരുത്. ഇപ്പോഴത്തെ കാലം ഒരൊറ്റ വായനയുടെ വായനക്കാലമല്ല.



വചനം
ഇ മാഗസിൻ

കവിത



എ.പി. അമീർ അലി
കൊയിലാണ്ടി.

വൺവേ ടിക്കറ്റ്



നീ അറിഞ്ഞില്ലേ .....??
രാജകാരുണ്യം കരകവിഞ്ഞൊഴുകി
ലേബർ കേമ്പിന്റെ ഉമ്മറത്ത്
ആനന്ദ നൃത്തം ചവിട്ടിയത്.

നീ അറിഞ്ഞില്ലേ.....??
നിതാഖാതിന്റെ നിറവിൽ
പ്രവാസിയുടെ ധാർമികത
ഒലീവ് ചില്ലയിൽ തട്ടി പ്രതിധ്വനിച്ചത്.

നീ അറിഞ്ഞില്ലേ.....??
വഴിയോര കാഴ്ചയായി സങ്കട ഹർജികൾ
നോർക്കയുടെ ഫാസ്റ്റ് ട്രാക്ക് കോടതി വരാന്തയിൽ
ഉലാത്തുന്നത്.

നീ അറിഞ്ഞില്ലേ.....??
പണം കൊടുത്ത് വാങ്ങിയ വിസക്ക്
കൈ വിലങ്ങിന്റെ ഭാരമുണ്ടെന്ന്

നീ അറിഞ്ഞില്ലേ.....??
നിയമലംഘനത്തിന്റെ പതിഞ്ഞം
ഗാന്ധിജിയെ ചേർത്തുവായിക്കാൻ
കാലം പറയാതെ പറഞ്ഞത്.

നീ അറിഞ്ഞില്ലേ.....??
കൊളസ്ട്രോളും ഷുഗറും കുടവയറും
പ്രവാസിയായി പച്ച കുത്തിയത്.

നീ അറിഞ്ഞില്ലേ.....??
നിനക്ക് അപ്രിയ വാർത്തയായി
രൂപയുടെ മൂല്യം കുത്തനെ ഇടിഞ്ഞത്.

നീ അറിഞ്ഞില്ലേ.....??
സങ്കടങ്ങൾ പങ്കിടുമ്പോൾ
ദാരിദ്യത്തിനു മാത്രമല്ല പ്രവാസികൾക്കും
ജാതിയും മതവുമില്ലെന്ന്.

ഒടുവിൽ നീ അറിഞ്ഞു.....
ഒരു മെയ് ദിന പുലരിയിൽ
ഇൻകിലാബിന്റെ നാട്ടിലേക്ക്
തിരികെ പോകുന്നവാർത്ത
ചാനലുകൾ അതിരുകളില്ലാതെ ആഘോഷിക്കുന്നത്.

ഒടുവിൽ നീ അറിഞ്ഞു.....
നീ സംഘടിച്ചു നേടിയ സംഘടനയുടെ ഉപഹാരങ്ങളും
ഇൻഷുറൻസ് തുകയും നെഞ്ചോട് ചേർത്ത്
സ്വാഗതവും അധ്യക്ഷനും ഇല്ലാത്ത
യാത്രയയപ് യോഗത്തിൽ
നീയാണ് താരമെന്ന്.

ലേഖനം

അമീൻ മുന്നൂർ.
റിയാദ്.

തിരിച്ചറിയപ്പെടാതെ പോയ
ജോൺ എബ്രഹാം



ഇവിടെ ഇങ്ങനെയൊരാൾ മലയാളിയുടെ നെഞ്ചത്ത് ചവിട്ടി അലഞ്ഞ് നടന്നിരുന്നു. എല്ലാ സ്ഥാപിത വ്യവഹാരങ്ങളോടും കലാപം നയിച്ച് കോഴിക്കോട് നഗരത്തിലെ ഒയാസീസ് കോമ്പൗണ്ടിലെ പണിതീരാത്ത കെട്ടിടത്തിന്റെ ടെറസിൽ നിന്ന് 'താരകമിരുളിൽ മായുകയോ' എന്നു മൂളിക്കൊണ്ട് കലാപമായ ധൂർത്തിലേക്ക് ജോൺ വീണെങ്കിലും അദ്ദേഹത്തിന്റെ സ്മരണകൾ അനശ്വരമായി നിലനിൽക്കുന്നു. ഋത്വിക് ഘട്ടക്കിന്റെ യഥാർത്ഥ അനുചരനായി പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പഠിച്ചിറങ്ങിയ കുട്ടനാട്ടുകാരൻ ജോൺ എവിടെയും അടങ്ങിയിരുന്നില്ല. കേവലമായ ഉപഭോഗപരതക്കപ്പുറം സിനിമയിലൂടെ കാഴ്ചയുടെ അശാന്തികളെ ഒപ്പിയെടുക്കുകയും അത് തെരുവിലേക്കെത്തിക്കുകയും ചെയ്ത ജോൺ അബ്രഹാം കാൽപനിക കലാകാരനായിരുന്നു. ഒരു കലാകാരൻ ധാരാളം സ്വപ്നം കാണുന്നു എന്ന് പറയുന്നതിനേക്കാൾ അയാൾ അധികം സ്വപ്നം കാണുന്നവനായ ഒരു കലാകാരനാവുന്നു എന്നതത്രെ നേര്. ജോണിന്റെ സ്വപ്നങ്ങൾ ദൃശ്യമാധ്യമത്തിന് പച്ചയായ മാനുഷിക മാനം നൽകുന്നതായിരുന്നു. ഫലപ്രദമാവേണ്ടുന്ന സാമൂഹിക മാറ്റങ്ങളിലായിരുന്നു ജോൺ വിശ്വസിച്ചിരുന്നത്. കമ്പോളവൽക്കരണത്തിന്റെ ശക്തിദുർഗങ്ങളെ തേടിപ്പോവാതെ സാധാരണ ജനങ്ങളുമായി നേരിട്ട് ബന്ധം പുലർത്തുകയായിരുന്നു ജോൺ. ചെന്നൈയിലേക്ക് നീങ്ങുന്നതിനു മുമ്പ് ജോൺ മണികൗളിന്റെ 'ഉസ്കിറോട്ടി'യിൽ അസിസ്റ്റന്റായി പ്രവർത്തിച്ചിരുന്നു. ആദ്യ ഫീച്ചർ ചിത്രം 1971ൽ റിലീസ് ചെയ്ത 'വിദ്യാർത്ഥികളെ ഇതിലേ ഇതിലെ' ആയിരുന്നു. സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ച ഈ ചിത്രത്തിൽ അടൂർ ഭാസി, മനോരമ, തങ്കറാവു, ജയഭാരതി, എസ്.പി. പിള്ള എന്നിവർ വേഷമിട്ടു. കാൽപന്ത് കളിക്കിടെ സ്കൂൾ സ്ഥാപകന്റെ പ്രതിമ പൊട്ടാനിടയാകുന്നു. കുറ്റാരോപിതനായ രാജുവിനോട് പ്രതിമ നന്നാക്കാനാവശ്യപ്പെടുന്നു. ഷൂ പോളിഷ് ചെയ്തും ലോട്ടറി വിറ്റും കുട്ടികൾ പണം കണ്ടെത്തുന്നു. വിദ്യാർത്ഥികളുടെ ഈ പ്രവൃത്തിയിൽ മതിപ്പ് തോന്നിയ സ്കൂൾ അധികൃതർ സ്വരൂപിച്ചെടുത്ത തുക പഠനയാത്രക്കുപയോഗിച്ച് സ്വന്തമായി പ്രതിമയുടെ കേടുപാട് തീർത്തു. എന്നാൽ പിന്നീടുണ്ടായ മറ്റൊരു ഫുട്ബാൾ

> ഓരോ സിനിമയും ജോണിന് ഒരു കലാപമായിരുന്നു. ഒപ്പം കണ്ടെത്തലുകളും. ഇവിടെ ജോൺ സംസാരിക്കുന്നത് വരേണ്യ വർഗമെന്ന ജൈവപ്രതിഭാസത്തോടല്ല, മറിച്ച് പ്രത്യയ ശാസ്ത്രത്തോടാണ്.



മത്സരത്തിൽ പ്രതിമ വീണ്ടും ഉടയുന്നു. സാംസ്കാരികമായ ഒരു നവീന ബോധത്തെ ജോൺ ഉൾക്കൊണ്ടിരുന്നു. ചിന്തയിൽ നവീന ഭാവുകത്വം സൃഷ്ടിച്ച് ചരിത്രത്തിന്റെ വഴികളിലൂടെ നടക്കാൻ ശ്രമിച്ചപ്പോൾ തള്ളിയിടാൻ ശ്രമിച്ചവരായിരുന്നു പലരും.

ജോണിന്റെ രണ്ടാമത്തെ സിനിമ തമിഴ് ഭാഷയിലെടുത്ത അഗ്രഹാരത്തിൽ കഴുതയാണ് (1977). പരമ്പരാഗത വരേണ്യാധിപത്യവും സാമൂഹിക പാരമ്പര്യവും അധീശത്വ വ്യവഹാരവും ജോണിൽ ഉണർത്തിയ പ്രതിബോധത്തിൽ നിന്ന് ഉറവിയെടുത്തതാണ് ഈ ചിത്രം. അഗ്രഹാരത്തിലേക്ക് കയറിവന്ന കഴുതയെ പ്രൊഫസർ നാരായണ സ്വാമി സംരക്ഷിക്കുന്നു. കഴുതയെ പരിചരിക്കാൻ ഒരു പെൺകുട്ടിയെ ഏർപ്പാടാക്കുകയും ചെയ്യുന്നു. എന്നാൽ അഗ്രഹാരം മുഴുവൻ കഴുതക്കെതിരെ തിരിഞ്ഞ് സ്വാമിയെ അധിക്ഷേപിക്കാൻ തുടങ്ങി. പിന്നീടെപ്പോഴോ കഴുത കൊല്ലപ്പെടുന്നു. അതിൽ പിന്നെ ഗ്രാമത്തിലുണ്ടാവുന്ന ചില മഹനീയ അദ്ഭുതങ്ങൾ കണ്ട ജനം അത് കഴുത മൂലമാണെന്ന് വിശ്വസിക്കുകയും അധിക്ഷേപിച്ചവർ തന്നെ അതിനെ ആദരിക്കാൻ തുടങ്ങുകയും ചെയ്യുന്നു. മാത്രമല്ല, കഴുതക്ക് ആചാരപൂർവ്വമായ സംസ്കാരച്ചടങ്ങ് ഒരുക്കുകയും ചെയ്തു. പ്രതീകാത്മകമായി ചിത്രത്തിന്റെ ക്ലൈമാക്സിൽ കഴുതയുടെ ചിതയിൽ നിന്നുയരുന്ന തീയിൽ ആ ഗ്രാമമാകെ കത്തിയമരുന്നു. പ്രൊഫസറും പെൺകുട്ടിയും രക്ഷപ്പെടുന്നു. എം.ബി. ശ്രീനിവാസൻ, സ്വാതി, വീരരാഘവൻ എന്നിവർ വേഷമിട്ട ഈ ചിത്രം ഒരു സമൂഹം കൊണ്ടുനടക്കുന്ന സാംസ്കാരികമായ പ്രതിലോമ ബോധത്തെ തുറന്നു കാട്ടുകയാണ്.

ഓരോ സിനിമയും ജോണിന് ഒരു കലാപമായിരുന്നു. ഒപ്പം കണ്ടെത്തലുകളും. ഇവിടെ ജോൺ സംസാരിക്കുന്നത് വരേണ്യ വർഗമെന്ന ജൈവപ്രതിഭാസത്തോടല്ല, മറിച്ച് പ്രത്യയശാസ്ത്രത്തോടാണ്.

ദേശീയ അവാർഡ് നേടിയ ഈ ചിത്രത്തിന് ദൂരദർശൻ പ്രദർശനാനുമതി നിഷേധിച്ചതും തമിഴ് ദൃശ്യമാധ്യമങ്ങൾ ചിത്രത്തെ അവഗണിച്ചതും ജോണിനെ വേദനിപ്പിച്ചിരുന്നു. നമ്മുടെ അധികാരഘടനയോട് കലാപം ചെയ്ത് ചരിത്രബാഹ്യമായവരുടെ കഥ പറയാൻ അധികാര ബാഹ്യമായ ഒരു രീതി ശാസ്ത്രം തന്നെ ജോൺ സൃഷ്ടിക്കുകയായിരുന്നു. മാർക്സിസ്, ക്രിസ്ത്യൻ പാരമ്പര്യങ്ങളിൽ അവഗാഹമുണ്ടായിരുന്ന ജോൺ 1979ൽ തന്റെ മൂന്നാമത്തെ സിനിമക്ക് ബിംബങ്ങൾ സ്വീകരിച്ചത് ക്രിസ്ത്യൻ പരിസരത്തുനിന്നും ഫ്യൂഡൽ വ്യവസ്ഥിതിയിൽ നിന്നുമാണ്. 'അഗ്രഹാരത്തിലെ കഴുത' പാരമ്പര്യ വിശ്വാസങ്ങൾക്കെതിരെയാണ് ഒളിയമ്പെയ്തതെങ്കിൽ 'ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ' എന്ന ഈ ചിത്രത്തിൽ ഫ്യൂഡൽ വ്യവസ്ഥയെയും ആ കാലത്ത് നിലനിന്നിരുന്ന പോലീസ് തേർവാഴ്ചയേയുമാണ് ആക്രമിച്ചത്. ഇടതു പ്രവർത്തകരിൽ നിന്നും ഭീഷണി നേരിടുന്ന ഭൂപ്രഭുവായ ചെറിയാച്ചൻ പാവങ്ങളായ കർഷകർക്കെതിരെ ഭൂവുടമകളുടെ അരികുപറ്റി പോലീസ് നടത്തുന്ന അതിക്രമങ്ങൾ കണ്ട് മന:സ്താപമുണ്ടാവുകയും ഞാനടക്കമുള്ള പ്രഭുവർഗമാണ് ഇതിനുത്തരവാദിയെന്ന കുറ്റ ബോധം തോന്നുകയും ചെയ്യുന്നു. ഫ്യൂഡലിസത്തിനെതിരെ കർഷകർ നയിക്കുന്ന മുന്നേറ്റവും ഈ ചിത്രത്തിന് പശ്ചാത്തലമൊരുക്കുന്നുണ്ട്. സ്റ്റീരിയോ ടൈപ്പ് വില്ലനിൽ നിന്നും മാറി ചരിത്രത്തിലെ ഭീതിദനായ ഇരയാണ് ഇവിടെ ഭൂവുടമയായ ചെറിയാച്ചൻ.

കലാപത്തിൽ നിന്നും തനിമയിൽ നിന്നും കലയുണ്ടാക്കിയ ജോൺ സ്വന്തം മുഖം തിരിച്ചറിയാത്ത മലയാളിക്ക് എന്നും പിടികിട്ടാത്തവനായിരുന്നു. സ്വത്വബോധം തിരിച്ചറിയുമ്പോൾ നാഗരികതയും പാരമ്പര്യവും ബിംബങ്ങളെ എറിഞ്ഞുടക്കുക തന്നെ ചെയ്യും. ജോണിനെക്കുറിച്ച്

> ജോണിനു തന്നെ നിശ്ചയമായിരുന്നു തന്റെ സിനിമ ജനം സ്വീകരിക്കാൻ സമയമെടുക്കുമെന്ന്, പിന്നീട് പനോരമയിൽ ചിത്രം പ്രദർശിപ്പിച്ചപ്പോഴും ചലച്ചിത്ര കലയിലെ വിസ്ഫോടനം എന്ന് നിരൂപണം വായിച്ചപ്പോഴും നമുക്കത് ബോധ്യമായതാണല്ലോ.

മായാത്ത സ്മൃതികൾ സൃക്ഷിക്കാത്ത സുഹൃത്തുക്കൾ ഉണ്ടാവില്ല. കള്ള് കുടിപ്പിച്ചവരും ചായക്കാശ് നൽകിയവരും രോഗം വന്നപ്പോൾ ശൗച്യം ചെയ്ത് കൊടുത്തവർ വരെയും അക്കൂട്ടത്തിലുണ്ടാവാം. കുപിത യൗവനത്തിന്റെ ദശകങ്ങളിൽ ജീവിച്ച ജോൺ കമ്പോളങ്ങളിൽ വിൽപ്പനച്ചരക്കുകളായി പ്രദർശിപ്പിച്ച സിനിമയെ ജീവിതത്തിന്റെ ഊഷരതകളിലേക്ക് നടത്തിക്കൊണ്ടു പോയി. 1986ൽ ഒഡേസയുടെ അഭിമുഖ്യത്തിൽ എടുത്ത 'അമ്മ അറിയാൻ' പടമാണ് ജോണിന്റെ അവസാന ചിത്രം. ജോണും കൂട്ടരും ഒരുക്കിയ 'ഒഡേസ'യെന്ന കൂട്ടായ്മ സിനിമയെന്ന ജനകീയ കലയെ കോടമ്പാക്കത്തെ വർണ ശബളിമയിൽ നിന്നും സാധാരണക്കാരിലേക്ക് കൊണ്ടുവന്നു. നടന്മാരടക്കം ഒഡേസ പ്രവർത്തകർ ജനങ്ങളിൽ നിന്നും പിരിവെടുത്താണ് 'അമ്മ അറിയാൻ' പൂർത്തിയാക്കിയത്. ചിത്രം എഡിറ്റ് ചെയ്ത ബീനാപോൾ (ക്യാമറാമാൻ വേണുവിന്റെ ഭാര്യ) പൂർണ ഗർഭിണിയായിരുന്നു എന്നറിയുമ്പോൾ ചിത്രത്തിനു പിന്നിലെ ശ്രമകരമായ ദൗത്യത്തിന്റെ ആത്മാർഥത പ്രകടമാവും.

ജോയ് മാത്യു, മജി വെങ്കിടേശ്, നിലമ്പൂർ ബാലൻ, ഹരിനാരായണൻ തുടങ്ങിയവർ വേഷമിട്ട ഈ ചിത്രം ഡോക്യുമെന്ററി രീതിയിലാണ് എടുത്തത്. ചിത്രം ഒരുപാട് വിമർശനമേറ്റു. ഒഡേസ പ്രവർത്തകരും പാർട്ടിക്കാരുമടക്കം കാലത്തിനൊത്ത് നീങ്ങാത്ത മലയാളി മനസ്സിന്റെ ആദ്യകാല പ്രതികരണങ്ങളിലൊന്നായിരുന്നു ഇത്.

സംസ്ഥാന ജൂറി ഈ സിനിമയെക്കുറിച്ച് പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ജോണിനെ കുപിതനാക്കിയതിനു പുറമെ വല്ലാതെ വേദനിപ്പിച്ചിരുന്നു. പലരും വൈകിയറിഞ്ഞ



കാര്യങ്ങൾ ജോൺ നേരത്തെയറിഞ്ഞു, ജോണിനു തന്നെ നിശ്ചയമായിരുന്നു തന്റെ സിനിമ ജനം സ്വീകരിക്കാൻ സമയമെടുക്കുമെന്ന്, പിന്നീട് പനോരമയിൽ ചിത്രം പ്രദർശിപ്പിച്ചപ്പോഴും ചലച്ചിത്ര കലയിലെ വിസ്ഫോടനം എന്ന് നിരൂപണം വായിച്ചപ്പോഴും നമുക്കത് ബോധ്യമായതാണല്ലോ.

ഇതാ എന്റെ പ്രിയമിത്രം, ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്ന് ജോൺ പ്രണയപൂർവം അനുഗ്രഹിച്ച ഹരിനാരായണൻ, 'അമ്മ അറിയാനി'ലൂടെ എഴുപതുകളുടെ നിഷ്കാസിത യുവത്വത്തിന്റെ മിത്തായി മാറിയവൻ സച്ചിദാനന്ദനെക്കുറിച്ച് ഒരു പഴയ സംഭവം ഓർക്കുന്നതിങ്ങനെ. 'അമ്മ അറിയാനി'ന്റെ സൈറ്റിൽ എത്തിച്ചേരണമെന്ന് പറഞ്ഞ് പല തവണ കമ്പിയടിച്ചിട്ടും വരാതെയായപ്പോൾ ജോണും ഞാനും ഇരിങ്ങാലക്കുടയിൽ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അവിടെയെത്തിയപ്പോൾ കണ്ട കാഴ്ച, സച്ചിദാനന്ദൻ വെളുത്ത ഷോർട്സും സോക്സും ബനിയനും കാൻവാസുമൊക്കെയിട്ട് മകളോടൊത്ത് ടെന്നീസ് കളിക്കുന്നു. വിപ്ലവ കവിതകളെഴുതിയിരുന്ന സച്ചിദാനന്ദനെ ആ രീതിയിൽ കണ്ടപ്പോൾ എന്തോ ജോണിന് പൊരുത്തപ്പെടാനായില്ല. വഴിയിൽ കിടന്ന ചാണകമെടുത്ത് ജോൺ സച്ചിദാനന്ദനെ എറിഞ്ഞു.

തന്റെ അസാമാന്യമായ പ്രതിഭാവിലാസം കൊ് ജീവിതം അടയാളപ്പെടുത്തിയ ജോൺ എബ്രഹാം സിനിമയുള്ള കാലമത്രയും ഓർക്കപ്പെടുമെന്നത് തീർച്ചയാണ്.



ലേഖനം
ബഷീർ തൊട്ടിയൻ
ജിദ്ദ



മാപ്പിളപാട്ട് രചനയിലെ പെൺകരുത്ത്

1950കളുടെ തുടക്കത്തിൽ വിദ്യാഭ്യാസം ഒരു മരീചികയായിരുന്ന സാഹചര്യത്തിൽ ഒരു ബീവി പെൺകുട്ടി ആറാം തരത്തിൽ പഠിക്കുന്നത് ആ നാട്ടുകാർക്കെല്ലാം വളരെ കൗതുകമായിരുന്നു. അന്ന് മാഹിയിലെ ഉമ്മർകാട്ടീരി യു.പി. സ്കൂൾ വിട്ടു പോകുന്ന ഈ ബീവിക്കുട്ടിയെയും കാത്തു നിരവധി ഉമ്മമാർ നിരത്തുകളിൽ ഉണ്ടാകും. അവർക്ക് വിദേശങ്ങളിൽ നിന്നും ഭർത്താക്കന്മാർ അയച്ചിട്ടുള്ള കത്തുകൾ വായിപ്പിക്കാനും അതിനു മറുപടി എഴുതിക്കാനുമായിരുന്നു ഈ കാത്തിരിപ്പ്. ഗൾഫുകാരുടെ കത്തിനേക്കാൾ ബർമ്മയിലേക്കും മലേഷ്യയിലേക്കും പോയവരുടെ എഴുത്തുകളാണ് കൂടുതലായി വായിച്ചതും മറുപടിയെഴുതിയതും. സംഗീതസാന്ദ്രമായ് പ്രാസമൊപ്പിച്ചുള്ള ഈ കത്തെഴുത്തുകളാണ് ആ ബാലികയുടെ ജീവിതത്തിൽ മാപ്പിളപ്പാട്ട് രചനയുടെ വിശാലമായ ജാലകം തുറന്നുവെച്ചത്. അന്നവ എഴുതുമ്പോൾ ഒരിക്കലും ചിന്തിച്ചില്ല ഭാവിയിൽ തന്നെ സ്വീകരിക്കാനിരിക്കുന്ന അംഗീകാരങ്ങളുടെ ലോകത്തെകുറിച്ച്; മറിച്ച് നിരവധി സമ്മാനങ്ങൾ മിഠായിയായും ചില്ലറ തുട്ടുകളായും കിട്ടിയത് പ്രതീക്ഷിച്ചുമാത്രമായിരുന്നു എഴുതിയത് എന്ന് ഇവരുടെ പിൻകാല ഓർമ്മക്കുറിപ്പുകളിൽ മധുരമായ് നുണഞ്ഞിട്ടുണ്ട്.

സ്ത്രീകൾ സമൂഹത്തിൽ നേരിടുന്ന സാമൂഹ്യ അനീതികൾ ചോദ്യം ചെയ്തു പുറത്തിറക്കിയ 'മുസ്‌ലിം സ്ത്രീകളുടെ ആവലാതി' എന്ന പുസ്തകത്തിൽ എഴുതിയ ഓരോ വരികളും സമൂഹത്തിൽ വിപ്ലവമാണ് ഉണ്ടാക്കിയത്.



ജനനം കൊണ്ട് മലപ്പുറം ജില്ലയിലെ താനൂർ ദേശത്തുകാരിയാണെങ്കിലും കുട്ടിക്കാലം മാഹിയുടെ മടിത്തട്ടിലാണ് ചിലവഴിച്ചത്. എന്നാൽ എസ്.എം. ജമീല ബീവിയെന്ന മാപ്പിളപ്പാട്ട് രചനയിലെ സമാനതകളില്ലാത്ത പെൺകരുത്തിന്റെ ഉറവിടം അന്വേഷിക്കുന്നവർ ലക്ഷദ്വീപിലെ ആന്ത്രോത്തിൽ ആയിരിക്കും ചെന്നെത്തുന്നത്. സൂഫി തുല്യനായി ജീവിച്ചിരുന്ന അബു സാലിഹ് മുത്തുക്കോയ തങ്ങളുടെയും മംഗലാപുരം സുൽത്താന ബീവിയുടെയും പുത്രിയായി ജനിച്ച ജമീല ബീവി കോഴിക്കോട്ടെ വ്യവസായിയും വാഗ്മിയുമായ എസ്.വി. കുഞ്ഞി സീതികോയ തങ്ങളെയാണ് വിവാഹം ചെയ്തത്. പിതാവിന്റെയും ഭർത്താവിന്റെയും നിസ്സീമമായ പിന്തുണയാണ് ഇങ്ങനെ ഒരു മാപ്പിളപ്പാട്ട് രചയിതാവിനെ മാലോകർക്ക് സമ്മാനിച്ചത്.

കുട്ടിക്കാലത്ത് തന്നെ കത്തെഴുത്തിലൂടെ മാപ്പിളപ്പാട്ട് എഴുത്ത് ആരംഭിക്കുകയും ആദ്യത്തെ ഗാനം തന്റെ ഒമ്പതാമത്തെ വയസ്സിൽ പൂർത്തീകരിക്കുകയും ചെയ്തു. പിന്നീട് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. തന്റെ ജീവിതത്തിന്റെ സുഖദു:ഖ സമ്മിശ്രങ്ങളിലും മുടക്കം വരാതെ മുറുകെ നെഞ്ചോട് ചേർത്തുവെച്ചത് മാപ്പിളപ്പാട്ട് രചന മാത്രമായിരുന്നു. അതുകൊണ്ട് തന്റെ രചനകളിൽ പൂർണ്ണമായും തന്റെ ജീവിത ചുറ്റുപാടുകളും അനുഭവങ്ങളും വിഷയീഭവിക്കുകയായിരുന്നു.



മാപ്പിളപ്പാട്ട് രചന രംഗത്തെ അപൂർവ്വങ്ങളിൽ അപൂർവ്വമായ സ്ത്രീ സാന്നിദ്ധ്യമായിരുന്ന എസ്.എം. ജമീല ബീവി രചനയിലെ വൈവിധ്യം കൊണ്ടും ആശയ സമ്പുഷ്ടതകൊണ്ടും പ്രതിഭാവിലാസം കൊണ്ടും പകരം വെക്കാനാളില്ലാത്ത വിധം ഉന്നതങ്ങളിൽ ഇടം നേടുകയായിരുന്നു. സമൂഹം കലകളെ അത്ര കടുപ്പിക്കാതിരുന്ന കാലത്ത്, പ്രത്യേകിച്ചും സ്ത്രീകൾക്ക് ഈ മേഖല തീർത്തും അന്യമായിരുന്ന കാലത്ത് പോരിശയാക്കപ്പെട്ട സയ്യിദ് കുടുംബത്തിൽ നിന്നും മാറ്റത്തിന്റെ വിളംബരം മുഴക്കി അന്ന് നിലനിന്നിരുന്ന അനാചാരങ്ങൾക്കും സാമൂഹ്യ തിന്മകൾക്കും എതിരെ താക്കീതിന്റെ കൊടുങ്കാറ്റായ് മനുഷ്യ മനസ്സാക്ഷിയെ പിടിച്ചുകുലുക്കി രംഗത്തിറങ്ങുകയായിരുന്നു. താൻ ജീവിക്കുന്ന സാമൂഹ്യ ചുറ്റുപാടുകളും സാഹചര്യങ്ങളും അനുഭവങ്ങളും അതിതീവ്രമായ പദങ്ങളാൽ കോർത്തിണക്കി അവതരിപ്പിച്ച് വിസ്മയം തീർക്കുകയായിരുന്നു ഈ എഴുത്തുകാരി.

സ്ത്രീകൾ സമൂഹത്തിൽ നേരിടുന്ന സാമൂഹ്യ അനീതികൾ ചോദ്യം ചെയ്തു പുറത്തിറക്കിയ 'മുസ്‌ലിം സ്ത്രീകളുടെ ആവലാതി' എന്ന പുസ്തകത്തിൽ എഴുതിയ ഓരോ വരികളും സമൂഹത്തിൽ വിപ്ലവമാണ് ഉണ്ടാക്കിയത്. തന്റെ കുടുംബത്തിലും സമൂഹത്തിലും നിലനിന്ന സ്ത്രീകൾക്കെതിരെയുള്ള സമീപനങ്ങളെയും സാഹചര്യങ്ങളെയും തുറന്നെഴുതാൻ ധൈര്യം കാണിക്കുകയും വിമോചനത്തിനായി നേതൃത്വം നൽകുകയും ചെയ്തു.

'പെണ്ണെന്താ ഒരു യന്ത്രമതാണോ

ദീനെന്താ ഒരു നാടകമാണോ

പെണ്ണിന് ദീനിലൊരധികാരങ്ങളുമില്ലെന്നാണോ

അല്ല പെണ്ണൊരു പാമ്പാട്ടിക്കൊരു മൊച്ചയെപോലെയതാണോ'

എന്ന മുസ്‌ലിം സ്ത്രീകളുടെ ആവലാതികളിലെ വരികൾ സമുദായത്തിലെ ചില സംവിധാനങ്ങളുടെ അടിസ്ഥാനത്തിൽ പലവട്ടം പെണ്ണ് കെട്ടുന്നതും സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന അക്രമങ്ങളും മതം ദുരുപയോഗം ചെയ്യപ്പെടുന്നതും തുറന്നെഴുതിയപ്പോൾ അവർക്കു വലിയ ഭീഷണികൾ വരെ ഏൽക്കേണ്ടിവന്നു.

അതുപോലെ,

'പെണ്ണ് പിറന്നാലോ പണ്ട് തീയിലെരിയിച്ചു - കൊല്ലും പെണ്ണുങ്ങൾ ക്ലേശിച്ചു

പെണ്ണിനെ ആകെ നിഷേധിച്ചു'.

എന്ന ഗാനം ഏറെ ശ്രദ്ധ നേടുകയും ചർച്ചയാവുകയും ചെയ്തു.

തന്റെ പ്രിയപുത്രനും പ്രശസ്ത ഗായകനുമായ മഷ്ഹൂദ് തങ്ങൾ പ്രവാസ ജീവിതം തുടങ്ങിയപ്പോൾ മകനെഴുതിയ

'പൊന്നു മോനറിഞ്ഞീടുവാൻ എഴുതീടുന്നു ഉമ്മ

പൂമുഖം കാണാതെ എന്റെ ഖൽബിലെറ്റം ഹമ്മ'

എന്ന കത്തുപാട്ടും മകന് ആദ്യത്തെ മകൾ തമീമ



ഈറനണിഞ്ഞ മിഴികളോടെയും വിതുമ്പുന്ന ഹൃദയത്തോടെയും മാത്രമേ ഈ മകന് ഉമ്മയെ കുറിച്ചുള്ള വാക്കുകൾ അവസാനിപ്പിക്കാനാവൂ. ജീവനുതുല്യം തന്നെ സ്നേഹിച്ച മാതാവിനുമപ്പുറം തന്നെ, കലാജീവിതത്തിന്റെ ഗുരുവും വഴികാട്ടിയുമെല്ലാമായിരുന്നു ഈ ഉമ്മയെ കുറിച്ചുള്ള ഓർമ്മകൾ

സുൽത്താന ജനിച്ചപ്പോൾ എഴുതിയ

'ചേർന്നൊരു പാട്ടിതാ ബംമ്പത്തി...
ചേലൊത്ത് പാടണം തഞ്ചത്തിൽ'

എന്ന് തുടങ്ങുന്ന താരാട്ട് പാട്ടും മലയാള ഭാഷയെ മാതാവായ് കാണണമെന്ന് പറഞ്ഞെഴുതിയ

'പത്തെ പഠിപ്പിന്റെ മുറതെറ്റിപ്പോയി

നാടിന്റെ മാതൃഭാഷ മതിയായിപ്പോയി' സാക്ഷരതയുമായി ബന്ധപ്പെട്ടു എഴുതിയ

'കേരള നാട്ടിൽ വിദ്യ പഠിക്കാതാരും ബാക്കിവരാതെ

കേട്ടിടു വീരേ സാക്ഷര ബഹുകേമമേ' എന്ന ഗാനവുമെല്ലാം ഏറെ ശ്രദ്ധിക്കപ്പെട്ടു എന്ന് മാത്രമല്ല ഇതെല്ലാം സംഗീതം നിർവ്വഹിച്ച് പാടി ഹിറ്റാക്കിയത് സ്വന്തം മകൻ തന്നെ എന്നത് ഈ രംഗത്തെ അത്ഭുതമാണ്.

ജീവിതത്തിന്റെ അവസാന മുഹൂർത്തങ്ങളിൽ അർബുദ രോഗം കാർന്നു തിന്നുമ്പോളും രോഗ ശയ്യയിൽ മരണത്തോട് മല്ലിടുന്ന നിമിഷങ്ങളിലും മാപ്പിളപ്പാട്ട് രചന തന്റെ ജീവിതദൗത്യമെന്ന നിലക്ക് തന്റെ മകനോട് പേനയും പേപ്പറും എടുക്കാനാവശ്യപ്പെട്ടു അർത്ഥ സമ്പൂർണ്ണമായ പ്രവാചക മദ്ഹുകളുടെ ഈരടികൾക്ക് ജീവൻ നൽകുകയായിരുന്നു.

'മക്ക ദിക്കിന്നുദിത്തോരു താജാ
മന്നാനേറ്റവും പുകഴ്ത്തിയ ഹോജ
മാലിക്കവൻ തൻ ഹബീബ വരാം
മാഹിർ മുഹമ്മദ് താഹ റസൂലെ വരാം'.

എന്ന് തുടങ്ങുന്ന വശ്യസുന്ദര ഗാനം അവസാനിക്കുന്നത് സൃഷ്ടാവിനോടുള്ള കരളുരുകിയ പ്രാർത്ഥനയോടെയാണ്. അതും സംഗീതം നൽകി പാടി ഹിറ്റാക്കിയത് മകൻ തന്നെയാണ്.

ജനനവും മാതൃത്വബന്ധവും താരാട്ടും മരണവും മരണാനന്തര ജീവിതവും സാമൂഹ്യ അനാചാരങ്ങൾക്കെതിരെ വിപ്ലവവും ഭക്തിയും ആത്മീയതയും മദ്ഹുകളും പ്രവാചക സ്തുതികളും മതസൗഹാർദ്ദവും സാക്ഷരതയും ചരിത്രവും തുടങ്ങിയ എല്ലാ വിഷയങ്ങളും വിവിധ ശാഖകളായ് ഒഴുകിയെത്തിച്ചേർന്നു മാപ്പിളപ്പാട്ടെന്ന മഹാ സാഗരത്തെ സമ്പന്നമാക്കുകയായിരുന്നു. നിമിഷ നേരങ്ങൾ കൊണ്ടെഴുതിയതാണെങ്കിലും വളരെ ആശയ സമ്പുഷ്ടവും അർത്ഥവത്തുമായ ആയിരത്തോളം വരുന്ന രചനകൾ ക്രോഡീകരിക്കാൻ ശ്രമിക്കുകയാണ് ബന്ധപ്പെട്ടവരിപ്പോൾ. ഉമ്മയോടൊത്തുള്ള ഓരോ നിമിഷങ്ങളും യാത്രകളും പരിപാടികളും എല്ലാം ഇന്നലത്തെ രംഗം പോലെ ഓർക്കുന്നുവെന്ന് മകൻ മഷ്ഹൂദ് തങ്ങൾ.



മാപ്പിളപ്പാട്ടിനെയും അതിന്റെ സംഗീതത്തെയും ജീവിത താളമായി കണ്ട് ജീവിതകാലം മുഴുവൻ അതിനുവേണ്ടി സമർപ്പിച്ച ഒരുമ്മയുടെയും മകന്റെയും അനിതരസാധാരണമായ ജീവിത കഥയായിരുന്നു മഷ്ഹൂദ് തങ്ങൾക്ക് ഉമ്മയുടെ ഓർമ്മകൾ. ഒരു മകന്റെയും ഉമ്മയുടെയും ആത്മബന്ധത്തിന് ഏറ്റവും അഗാധമായ അനുഭവങ്ങളാണ് സയ്യിദ് മഷ്ഹൂദ് തങ്ങൾക്കു ഉമ്മയെക്കുറിച്ചുള്ള ഓർമ്മകൾ. ഈറനണിഞ്ഞ മിഴികളോടെയും വിതുമ്പുന്ന ഹൃദയത്തോടെയും മാത്രമേ ഈ മകന് ഉമ്മയെ കുറിച്ചുള്ള വാക്കുകൾ അവസാനിപ്പിക്കാനാവൂ. ജീവനുതുല്യം തന്നെ സ്നേഹിച്ച മാതാവിനുമപ്പുറം തന്നെ കലാജീവിതത്തിന്റെ ഗുരുവും വഴികാട്ടിയുമെല്ലാമായിരുന്ന ഈ ഉമ്മയെ കുറിച്ചുള്ള ഓർമ്മകൾ പങ്കുവെക്കുമ്പോൾ പൊതുവെ മിതഭാഷിയായ തങ്ങൾക്ക് നൂറുനാവാണ്.



ഒരുനാൾ കുടുംബസമേതം കോയമ്പത്തൂരിലേക്ക് കാറിൽ യാത്ര ചെയ്യുമ്പോൾ തങ്ങളുടെ കാറിനുമുന്നിൽ ഒരു കാളവണ്ടി ഇഴഞ്ഞു നീങ്ങുന്നത് കണ്ടപ്പോൾ മകനോട് വണ്ടി പതുക്കെ വിടാൻ ആവശ്യപ്പെട്ടു. പശ്ചിമഘട്ടത്തിൽ നിന്നും വീശിയടിക്കുന്ന വശ്യമായ പാലക്കാടൻ കാറ്റ് തുറന്നിട്ട സൈഡ് ഗ്ലാസിന്റെ ഭാഗത്തുകൂടെ അകത്തേക്ക് കയറി വല്ലാത്തൊരു സുഖം സമ്മാനിക്കുന്നുണ്ടായിരുന്നു. ഇരുട്ട് പുതച്ച ആ രാത്രിയിൽ വണ്ടിയുടെ താഴെഭാഗത്ത് തൂക്കിയിട്ടാടിയുലയുന്ന റാന്തൽ വെളിച്ചത്തിൽ വണ്ടിക്കാരന്റെ തുരുതുരാന്നുള്ള ചാട്ടവാറടിയും കൊണ്ട് വയറൊട്ടി എല്ല് ഉന്തിയ രണ്ടു കാളകൾ കഷ്ടപ്പെട്ട് വണ്ടി വലിക്കുന്നത് ഏറെ നേരം സങ്കടത്തോടെ നോക്കിയിരുന്ന ശേഷം പേനയും പേപ്പറും എടുത്തു. ആ കാറിലിരുന്നു അടിമത്വവും പീഡനങ്ങളും മനുഷ്യന് മാത്രമല്ല മൃഗങ്ങൾക്കും നൽകുന്നത് അനീതിയുടെ വേദനകളാനെന്നു വ്യക്തമാക്കുന്ന വരികൾ എഴുതിത്തീർത്തു.

വർഷങ്ങൾക്കു ശേഷം ഭർത്താവിന്റെ ആവശ്യാർത്ഥം മദ്രാസ്സിലേക്ക് ട്രെയിനിൽ സഞ്ചരിക്കുമ്പോൾ യാദൃശ്ചികമായി ഒരേ ബോഗിയിൽ ഉണ്ടായിരുന്ന എം.ടി. വാസുദേവൻ നായർ, ശ്രീകുമാരൻ തമ്പി എന്നിവരെ കാണാനിടയായി. ആയിടെ രചന നിർവ്വഹിച്ച 'ആകെ പ്രപഞ്ചങ്ങൾക്കാകെയും നാഥനെ' എന്ന ഗാനം പ്രശസ്ത ഗായകൻ യേശുദാസ് പാടി വളരെ പ്രസിദ്ധിയാർജിച്ചതിനാൽ പരിചയപ്പെടുത്തിയപ്പോൾ പെട്ടെന്ന് മനസ്സിലാകുകയും പരസ്പരം അടുക്കുകയും ചെയ് തു. കോയമ്പത്തൂർ യാത്രയിൽ എഴുതിയ വരികൾ കേൾപ്പിച്ച് അതെഴുതാനുണ്ടായ സാഹചര്യം വിവരിക്കുകയും ചെയ്തു. അവർക്കത് നന്നേ ബോധിക്കുകയും അതൊരു സിനിമയാക്കുന്നതിനെ സംബന്ധിച്ച് നീണ്ട ചർച്ച നടക്കുകയും തീരുമാനമെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ഭർത്താവിന്റെ അസുഖ സംബന്ധമായ ചുറ്റുപാടിൽ അതെല്ലാം ഉപേക്ഷിക്കേണ്ടിവരികയായിരുന്നു.

ജീവിതത്തിന്റെ ഏത് കോണിൽ നിന്ന് നോക്കിയാലും സംഗീത സാന്ദ്രമായ ഒരു ഒഴുക്കിവിടെ ദർശിക്കാനാകും. അതുകൊണ്ട് തന്നെ തന്റെ ഗാനങ്ങളെ മാലോകരെ കേൾപ്പിക്കാൻ ശബ്ദ സൗകുമാര്യം കൊണ്ട് അനുഗ്രഹീതനായ ഒരു പുത്രനെ ദൈവം ഇവർക്കനുഗ്രഹമായി നൽകിയതും. സയ്യിദ് മഷ്ഹൂദ് തങ്ങൾ കുട്ടിക്കാലം മുതലേ ഉമ്മയുടെ വരികൾ ആലപിച്ചു തുടങ്ങുകയും കോഴിക്കോട് ആകാശവാണിയിൽ കഴിവ് തെളിയിക്കുകയും ചെയ്തു. നിരവധി ആൽബങ്ങളിലും ഭാഗവാക്കായി. ഇപ്പോൾ ജിദ്ദയിൽ താമസിക്കുന്നുവെങ്കിലും ഗൾഫ് രാജ്യങ്ങളിലൊക്കെയും പ്രോഗ്രാമുകൾ അവതരിപ്പിച്ചുവരുന്നു.

ആകർഷണീയമായ ശബ്ദ സൗകുമാര്യത്തോടൊപ്പം അക്ഷര സ്ഫുടതയും ആത്മാശം ഉൾകൊണ്ട അവതരണവും അഹങ്കാരമില്ലാത്ത വശ്യമായ പെരുമാറ്റവും നിറഞ്ഞ പുഞ്ചിരിയും എന്നും മഷ്ഹൂദ് തങ്ങളുടെ ഏറ്റവും വലിയ മുതൽകൂട്ടാണ്. പരിചയപ്പെടുന്നവർക്ക് ഒരിക്കലും മറക്കാനാവാത്ത ഉമ്മയുടെ മറക്കാനാവാത്ത മകൻ.

ജമീല ബീവിക്ക് അഞ്ച് പെണ്ണും നാല് ആണുമായി ഒമ്പത് മക്കളിൽ അഞ്ചാമത്തെ മകനാണ് സയ്യിദ് മഷ്ഹൂദ്.

മാപ്പിളപ്പാട്ട് ശാഖക്ക് മികച്ച സംഭാവനകൾ നൽകിയ ഈ പ്രതിഭക്ക് മാപ്പിള ഫോക്‌ലോർ അക്കാദമിയുടെ സമഗ്ര സംഭാവനക്കുള്ള അവാർഡും, ടി. ഉബൈദ് സാഹിബ് സ്മാരക അവാർഡും നല്ലളം ബീരാൻ സ്മാരക അവാർഡും ലഭിച്ചിട്ടുണ്ടെങ്കിലും അവരുടെ സംഭാവനകൾക്കനുസൃതമായ അർഹിക്കുന്ന പരിഗണനകളോ അംഗീകാരങ്ങളോ ലഭിച്ചിട്ടില്ല എന്നതാണ് സത്യം.

(മാപ്പിളകലാ അക്കാദമി ജിദ്ദാ ചാപ്ടർ ജനറൽ സെക്രട്ടറിയാണ് ലേഖകൻ)





വി. അബ്ദുൽ ലത്തീഫ്

ഉറുദിക്കൊരു റിവ്യു

പുസ്തക റിവ്യു
പുസ്തകം: റമദാൻ ഉറുദി
(ബ്ലോഗെഴുത്തുകളുടെ പുസ്തകം)
ഗ്രന്ഥകാരൻ: റഫീഖ് തിരുവള്ളൂർ
പ്രസാധനം: ഗ്രെയ്സ്,എജ്യുക്കേഷൻ അസോസിയേഷൻ

നോമ്പിന് വായിച്ച പുസ്തകം റഫീക്കിന്റെ റമദാൻ ഉറുദിയാണ്. ഗ്രന്ഥകാരൻ റഫീഖ് തിരുവള്ളൂർ എന്റെ വിദ്യാർത്ഥിയായിരുന്നു. പിന്നെ സുഹൃത്തായി. ഇപ്പോൾ ഗുരുവും. അങ്ങനെയാകുമ്പോഴാണ് ഒരു അധ്യാപകന് പ്രായപൂർത്തിയെത്തുന്നത്. റമദാൻ ഉറുദിയുടെ കവർ റഫീക്ക് നേരത്തെ ഇവിടെ പ്രസിദ്ധീകരിച്ചിരുന്നു. പഴയ ബാഗ്ദാദിലെയോ തുർക്കിയിലെയോ മസ്ജിദ് ശിൽപകലയുടെ പഴമയുള്ള കവർ. പശ്ചാത്തലത്തിൽ സൂഫിപ്പച്ച. ബ്ലോഗെഴുത്തുകളുടെ പുസ്തകം എന്നാണ് തലക്കെട്ടിനോടൊപ്പമുള്ള തലവാചകം.

മലയാളത്തിലെ അറിയപ്പെടുന്ന ബ്ലോഗർമാരിലൊരാണ് റഫീക്ക്. കവിതകളും ലേഖന സ്വഭാവമുള്ള കുറിപ്പുകളും പുസ്തക പരിചയങ്ങളുമൊക്കെയായി റഫീക്കിന്റെ ബ്ലോഗുലോകം പരപ്പാർന്നതാണ്. ഒപ്പരം, ഇക്കരപ്പച്ച തുടങ്ങിയവയാണ് പ്രധാന ബ്ലോഗുകൾ. കഴിഞ്ഞ വർഷം നോമ്പുകാലത്ത് റഫീക്കെഴുതിയ ബ്ലോഗാണ് നോമ്പുലൻസ്. ആ പുതിയ വാങ്മയത്തിന് റഫീക്കിന് കാരണങ്ങളുണ്ട്. യുക്തിയുണ്ട്. വിശദീകരണങ്ങളൊന്നുമില്ലെങ്കിലും നോമ്പിന്റെയും ആമ്പുലൻസിന്റെയും മണഗുണങ്ങൾ ഈ പ്രയോഗത്തിൽ നിന്ന് ഊറിവരുന്നുണ്ട്.

റമദാനെപ്പറ്റിയാണ് നോമ്പുലൻസ് പറയുന്നത്. നോമ്പിന്റെ ഓരോ ദിവസവും ഓരോ കുറിപ്പുകൾ. ഒരു പേജു മുതൽ രണ്ടര പേജു വരെ ദൈർഘ്യമുള്ളത്. അധികം പഴക്കമില്ലാത്ത എൺപതുകളിലെ മോഡൽ ഓർമ്മകളാണ് റഫീക്കിനുള്ളത്. എൺപതുകൾ നമ്മുടെ ഗ്രാമങ്ങൾ കേടാകുന്നതിനെക്കുറിച്ച് ആലോചിച്ചു തുടങ്ങുന്ന കാലമാണ്. ഇടവഴികൾക്കും കുളങ്ങൾക്കും എളാപ്പമൂത്താപ്പമാർക്കും സ്രാമ്പിക്കും പള്ളിക്കും ഗ്രാമീണ വിചാരങ്ങൾക്കും പഴക്കം മാറാത്ത കാലം. അക്കാലത്തെ ഓർമ്മകളെ നോമ്പുമായി ബന്ധിപ്പിച്ചാണ് റഫീക്കിന്റെ ഉറുദി തുടങ്ങുന്നത്.



നോമ്പുകാലത്തെ രാപ്പകൽ പ്രസംഗങ്ങളാണ് ഉറുദി. വയള് എന്നും പറയും. നോമ്പിന്റെ നന്മ, പുണ്യം, ഉത്തരവാദിത്വങ്ങളെല്ലാം ഉറുദിയിൽ വിചാരപ്പെടും. അഞ്ചാം ക്ലാസു മുതൽ ദീൻ വിശേഷമായി പഠിച്ചയാളാണ് റഫീക്ക്. കേരളത്തിലെ സുന്നികളുടെ വിജ്ഞാന കേന്ദ്രമായ ദാറുൽഹുദാ ഇസ്ലാമിക് അക്കാദമിയിലാണ് റഫീഖ് പഠിച്ചത്. സ്കൂളിലും മദ്രസയിലും 5 വയസ്സ് തികഞ്ഞ മിടുക്കന്മാർക്ക് മാത്രമാണ് പ്രവേശനം. മാസത്തിൽ ഒരു ദിവസം മാത്രം വീട്ടിൽപ്പോകാൻ കഴിയുന്ന റസിഡൻഷ്യൽ പാഠശാല. അവിടെ ദീനും ദുനിയാവും വിസ്തരിച്ചു പഠിപ്പിക്കുന്നു. നാലു ഭാഷകളിലെങ്കിലും പ്രാവീണ്യം. ഗണിതവും മറ്റു ശാസ്ത്രങ്ങളും സാമാന്യം. വായനയുടെയും വിജ്ഞാനാധിഷ്ഠിത അഭ്യാസങ്ങളുടെയും വലിയ ലോകം. (കുറച്ചുകാലം മലയാളം മാഷായി ഞാനും അവിടെയുണ്ടായിരുന്നു.)

ദാറുൽ ഹുദായിൽ നിന്ന് ഒരു ഉപഗ്രഹം പോലെ തെറിച്ചു പോയവനാണ് റഫീക്ക്. വായിക്കുന്നതിനു മുമ്പ് എഴുതാൻ തുടങ്ങി. വായിച്ചു തുടങ്ങിയപ്പോൾ സന്ദേഹങ്ങളായി. അതു തീർക്കാൻ എം.എൻ. വിജയൻ മാഷെപ്പോലെ, സച്ചിദാനന്ദനെപ്പോലെയുള്ള വലിയ മനുഷ്യരെ അവരുടെ മടയിൽച്ചെന്നുകണ്ട് ശിഷ്യത്വം സ്വീകരിച്ചു. അർഷാദ് ബത്തേരിയും അജയ് പി മാങ്ങാടും റഫീഖിന്റെ പ്രിയ സുഹൃത്തുക്കളായി. തീർച്ചയായും ഉറുദിക്ക് റഫീക്കിന് അവകാശമുണ്ട്. പഠിക്കുന്ന കാലത്ത് പള്ളികളിൽ വയളു പറഞ്ഞിട്ടുണ്ട് റഫീഖ്. അതിനു കിട്ടിയ ആദ്യ പ്രതിഫലം കൊണ്ട് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'അമാവാസി'യും 'പതിനെട്ടു കവിതകളും' വാങ്ങിയത് റഫീഖ് സൂചിപ്പിച്ചിട്ടുണ്ട്.

കാലംകൊണ്ടു മാത്രമല്ല കൃത്യമായി വെയിലും മഴയുമേൽക്കുന്നതുകൊണ്ടു കൂടിയാണ് തേക്കു മരത്തിന് കാതലുറയ്ക്കുന്നത്. നിത്യപരിചിതമായ കാര്യങ്ങൾ അറിവാകുന്നതും മനനങ്ങളുടെയും തുടർ വായനകളുടെയും ബലത്തിൽ അറിവ് ധാരണയാകുന്നതും ധാരണ ധ്യാനത്തിലൂടെ ജ്ഞാനമാകുന്നതും അപൂർവ്വ ലബ്ധമായ കാഴ്ചയാണ്. നിത്യ സാധാരണമായ കാര്യങ്ങളെ ദാർശനിക വൽക്കരിക്കുമ്പോൾ കടുകട്ടി വ്യാകരണത്തിന്റെ ഭാഷ വന്നുപെടുക സാധാരണമാണ്. റഫീഖ് നോമ്പിനെ ഓർക്കുക മാത്രമല്ല, തന്റെ കാഴ്ചയുടെ ആഴം കൊണ്ട് ദർശന പാഠങ്ങളാക്കുക കൂടിയാണ്. റഫീഖിന് ഏറ്റവും വഴക്കമുള്ളത് കവിതയാണ്. തിരുവള്ളൂരിന്റെ നാട്ടുമൊഴികൾ കൊണ്ട് വലിയ കാര്യങ്ങൾ സരസമായി പറയാനുള്ള ശേഷിയും മെയ്വഴക്കവും ഉറുദിയുടെ ഭാഷയെയും സാന്ദ്രവും മധുരമുള്ളതുമാക്കുന്നു. ഈ പുസ്തകത്തിലെ ഇരുപത്തിയാറാം അധ്യായം സമയത്തെക്കുറിച്ചാണ്. ഗ്രന്ഥകാരന്റെ ചിന്തയും ഭാഷയ്ക്കുമേലുള്ള സ്വാധീനവും ഈ അധ്യായത്തെ കടഞ്ഞെടുത്ത കാതലാക്കുന്നു.

ചില ഓർമ്മപ്പെടുത്തലുകൾ എപ്പോഴും നല്ലതാണ്. നോമ്പ് പട്ടിണി കിടന്ന് സ്വർഗം നേടാനുള്ള ഉപാധിയല്ല, നോമ്പു തുറ പകലിന്റെ അന്നരാഹിത്യത്തിനുള്ള മറുപടിയുമല്ല. റമദാൻ ബഹുരാഷ്ട്ര കുത്തകകൾക്ക് 'ചരക്കാ'കുന്നതെങ്ങനെയെന്ന് ഈജിപ്തിൽ നിന്നും മൊറോക്കോയിൽ നിന്നും ഉദാഹരണങ്ങൾ നിരത്തി റഫീക്ക് കാണിച്ചു തരുന്നു. നമ്മുടെ നാട്ടിലും നോമ്പുകാലം കച്ചവടത്തിന് ഹേതുവാണ്. മത വ്യാഖ്യാനങ്ങൾ തുറന്നു തരുന്ന ശുദ്ധീകരണ സാധ്യതകൾ ആസ്തികർക്കു മാത്രമല്ല, നാസ്തികർക്കും സ്വീകാര്യമാവും. സക്കാത്തിനെയും ബദറിനെയും കുറിച്ച് റഫീക്കെഴുതിയത് ഇത്തരത്തിൽ പ്രസക്തമാണ്.

ആദ്യാവസാനം ധ്യാനപൂർണമാണ് ബ്ലോഗെഴുത്തിന്റെ ഈ പുസ്തകം സൂഫി വചനങ്ങളും പ്രവാചക ജീവിതത്തിൽ നിന്നുള്ള ആഖ്യാനങ്ങളും പുസ്തകത്തെ ഏകാഗ്രമാക്കുന്നു. പലപ്പോഴും ചരിത്രത്തിലൂടെ സഞ്ചരിക്കുന്ന ഗ്രന്ഥകാരൻ പഴയ സിറിയയിലും ബാഗ്ദാദിലും സ്പെയിനിലും ജറുസലേമിലും എത്തിപ്പെടുന്നു. മിഷല് ഫുക്കോയെപ്പോലുള്ളവരുടെ ഉദ്ധരണികളും സന്ദർഭോചിതമായി കണ്ണിചേർത്തിട്ടുണ്ട്. മത പുസ്തകങ്ങൾ വല്ലാതെ മടുപ്പിച്ചുകളയും. റമദാൻ ഉറുദി ഇതിനു മറുവാദമാകുന്നു.

മതം അതിലെ അംഗങ്ങൾക്കു മാത്രം പ്രസക്തമാകുന്ന കാലത്ത് എല്ലാവർക്കും വായിക്കാവുന്ന പുസ്തകമാണിത്. അടുത്ത നോമ്പിനു മുമ്പ് ഇതിനൊരു രണ്ടാം പതിപ്പ് വേണ്ടിവരും. തീർച്ച.

inbox

വചനം ഇ-മാഗസിനിലേക്ക് സൃഷ്ടികളും അഭിപ്രായങ്ങളും ക്ഷണിക്കുന്നു

vachanamkmcc@gmail.com
Fax: 01 4646116

Dear Team Members,

I appreciate your team work and excellent presentation. Very informative and giving memorable to the community

Ubaid Edavanna, Riyadh

അഭിനന്ദനങ്ങൾ, മനോഹരമായ ലേ-ഔട്ടും സൃഷ്ടികളും, മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കണം

സവാദ് വെളിയങ്കോട്, ഖത്തർ

വചനം കണ്ടു. മനോഹരമായിരിക്കുന്നു. ടെലിവിഷന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച ലേഖനം ഓരോ രക്ഷിതാക്കളെയും കണ്ണുതുറപ്പിക്കാൻ പര്യാപ്തമാണ്, അഭിനന്ദനങ്ങൾ

ധനേഷ് സി ഡാറ്റ് - തിരുവനന്തപുരം

വചനം മികച്ച നിലവാരം പുലർത്തുന്നു. എന്തുക്കൊണ്ടാണ് സ്പോർട്സ്, ആരോഗ്യം എന്നിവയെ തീർത്തും അവഗണിക്കുന്നത്. എല്ലാ വിഭാഗം വായനക്കാരേയും തൃപ്തിപ്പെടുത്തുമ്പോഴല്ലേ ഒരു പ്രസിദ്ധീകരണം സമ്പൂർണമാകുന്നത്.

സിദ്ധീഖ് പൂവിൽ, ചാവക്കാട് , തൃശൂർ

സന്തോഷ വാർത്ത !!!
ഇപ്പോൾ ഞങ്ങളുടെ സേവനം
മാഗസിൻ ലേ ഔട്ട് രംഗത്തും...

xtream INNOVATION
Riyadh - Saudi Arabia | Calicut - India

xtreamindia@gmail.com | +966 501214306

ബഷീർ: മലയാള സാഹിത്യത്തിൽ മനുഷ്യ നന്മയുടെ തേന്മാവ് നട്ട ഇതിഹാസം: അബു ഇരിങ്ങാട്ടിരി



റിയാദ്: മലയാള സാഹിത്യ ഭൂമികയിൽ മനുഷ്യനന്മയുടെ തേന്മാവ് നട്ട ഇതിഹാസമാണ് വൈക്കം മുഹമ്മദ് ബഷീറെന്ന് നോവലിസ്റ്റും ചെറുകഥാകൃത്തുമായ അബു ഇരിങ്ങാട്ടിരി അഭിപ്രായപ്പെട്ടു. റിയാദ് മലപ്പുറം ജില്ല കെ.എം.സി.സിയുടെ സാംസ്കാരിക വിഭാഗമായ 'സംസ്കൃതി' റിയാദിൽ സംഘടിപ്പിച്ച ബഷീർ വിചാരം പരിപാടിയിൽ ബഷീർ അനുസ്മരണ പ്രഭാഷണം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യാഥാർത്ഥ്യത്തിനും ഭാവനക്കുമിടയിൽ അതിരിടാതെ ജീവിതം വരച്ചു കാട്ടിയ എഴുത്തുകാരനാണ് ബഷീറെന്ന് ആമുഖ പ്രഭാഷണം നടത്തിയ എഴുത്തുകാരൻ ജോസഫ് അതിരുങ്കൽ പറഞ്ഞു. മലയാളത്തിൽ എഴുത്തുകാരുടെയും സാഹിത്യത്തിന്റെയും ധാരാളിത്തം ഉണ്ടായെങ്കിലും പ്രസക്തിയും വായനക്കാരും വർധിച്ചു വരുന്നവയാണ് ബഷീർ സാഹിത്യമെന്ന് എഴുത്തുകാരിയും അധ്യാപികുമായ സിന്ധുപ്രഭാ പ്രദീപ് വിലയിരുത്തി.

ഉപരി വർഗത്തോടൊപ്പം ജനസാമാന്യത്തിനിടയിലും ബഷീറിനെപ്പോലെ ഇത്ര സ്വീകാര്യനായ സാഹിത്യകാരൻ മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നും മലയാളം നിലനിൽക്കും വരെ അദ്ദേഹം സ്മരിക്കപ്പെടുമെന്നും സാമൂഹിക പ്രവർത്തകയും എഴുത്തുകാരിയുമായ ഷീബാ രാമചന്ദ്രൻ അഭിപ്രായപ്പെട്ടു.

നിത്യനൂതനമായ കഥകളെഴുതി മലയാളത്തെ വിസ്മയിപ്പിച്ച കഥകളുടെ സുൽത്താൻ എക്കാലത്തെയും എഴുത്തുകാർക്ക് പ്രചോദനവും ഊർജ്ജ സ്രോതസുമാണെന്ന് കഥാകൃത്ത് റഫീഖ് പന്നിയങ്കര പറഞ്ഞു.

റസാഖ് ഇരിങ്ങാട്ടിരി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.കെ.എം.സി.സി. നേതാക്കളായ കുന്നുമ്മൽ കോയ, കെ. മൊയ്തീൻകോയ, അർശുൽ അഹമ്മദ്, 'വചനം - ഇ മാഗസിൻ' എഡിറ്റർ പി.ടി. ഫിറോസ്, മാധ്യമ പ്രവർത്തകരായ നജീം കൊച്ചുകലുങ്ക്, ഉബൈദ് എടവണ്ണ എന്നിവർ ആശംസാ പ്രസംഗം നടത്തി. അഡ്വ. അനീർ ബാബു, ശുഐബ് പനങ്ങാങ്ങര, ശംസു ചെമ്പൻ, ഹകീം കമ്പാർ തുടങ്ങിയവർ നേതൃത്വം നൽകി.

ഇ-വചനം മാഗസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രബന്ധ മത്സരത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ഇസ്മയിൽ വെള്ളിയോത്ത് (അൽഹസ) ഷീബ രാമചന്ദ്രൻ, യൂസഫ് കാക്കഞ്ചേരി എന്നിവർക്കുള്ള പുരസ്കാരങ്ങൾ അബു ഇരിങ്ങാട്ടിരി, അബ്ദുസ്സമദ് കൊടിഞ്ഞി, അർശുൽ അഹമ്മദ് എന്നിവർ ചടങ്ങിൽ വിതരണം ചെയ്തു.

Zee Tech
COMPUTER AND INTERNET CENTER

Courses offered

Ms Office & Fundamentals
Ms Word 2003,07 & 2010
Ms Excel 2003, 07 & 2010
Ms Power Point 2003, 07 & 2010
Internet & E-mail

Auto Cad
2d & 3d, 3d Studio Max,
Primavera, Micro Station, Illustrator

Designing
Power Point, Photoshop, Illustrator
Pagemaker, Corel Draw, InDesign
Macro Media Flash

Web Designing
Photoshop, Flash, Dream Weaver
Macro Media, Frontpage, Html
Dhtml, Java Script, Asp.net

Accounting
Excel, Tally, Dac Easy, Ex Next Generation
Peach Tree

3d
Auto Cad (Draftsman-Electrical & Mechanical)
Desk 3d Max, Maya, Hardware Engineering
Assembling, Formatting, Partition, Installation
Trouble Shoot

Editing & Video Editing
Photoshop, Dream Weaver, After Effects, Premiere
Fcp (final Cut Pro)

Post Production
Photoshop, After Effects, Real Flaw
Premiere, Auto Desk Combustion, Programming
Visual Basic, Vb Net, C, C++

ഓഫീസ് സെക്രട്ടറി, സ്റ്റോർ കീപർ, ഓഫീസ് ക്ലർക്ക്, അക്കൗണ്ടന്റ്, ഡിസൈനർ, വെബ് ഡിസൈനർ, ഗ്രാഫിസ്റ്റ്മാൻ, നെറ്റ്വർക്ക് അഡ്മിനിസ്ട്രേറ്റർ, ഹാർഡ്വേർ തുടങ്ങിയ ജോലികൾക്കായി ശ്രമിക്കുന്നവർക്ക് പ്രത്യേക പാക്കേജുകൾ

വനിതകൾക്കായി വനിതാ ഇൻസ്ട്രക്ടറുടെ കീഴിൽ പ്രത്യേക ക്ലാസുകൾ

- വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവർക്കായി പ്രത്യേക പാക്കേജുകൾ.
- പഠനം പൂർത്തിയാക്കുന്നവർക്ക് ഓൺലൈൻ എക്സാം വഴി Zee Tech Education Institute (Under Govt. of Kerala & India) ന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.
- സർട്ടിഫിക്കറ്റിനു വേണ്ടി മാത്രം കമ്പ്യൂട്ടർ അറിയുന്നവർക്കായി എക്സാം എഴുതാവുന്നതാണ്.
- പഠനം പൂർത്തിയാക്കുന്നവർക്ക് ജോലി.

"OUT LOOK IS NOT OUR ASSET BUT, EXPERIENCE IS OUR ASSET"

Servicing & Software Development
Assembling: All types of Desk Top PC's
Formatting & Installation: Windows OS All Versions for Desktop & Laptop s, with all required drivers and programs
Software Development:
Program for Accounting, Data Processing, Employee Payroll, Sales & Invoice and Warehouse Storage System As per Clients Specifications.
Troubleshooting & Repair:
All Desktop & Laptop PC's
Networking & Maintenance:
Server Configuration, Modem Installation/Configuration, LAN Cabling, Troubleshoot LAN & WAN, and Network Printer Installation

IT നിങ്ങളുടെ ഒരു സ്വപ്നമാണോ?
സൗദി അറേബ്യയുടെ തലസ്ഥാന നഗരിയായ റിയാദിൽ ഒരു പതിറ്റാണ്ടിലേറെ ടെക്നിക്കൽ വിദ്യാഭ്യാസ രംഗത്ത് ചലനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന, നിരവധി പേർക്ക് തൊഴിലവസരം നേടിക്കൊടുത്ത സീടെക്, അത്യാധുനിക ലാബ് സൗകര്യത്തോടുകൂടി, മികവുറ്റ അധ്യാപനത്തിൽ സമ്പന്നരായവരുടെ നേതൃത്വത്തിൽ.

വാഗ്ദാനങ്ങൾക്കപ്പുറം അനുഭവസ്ഥരുടെ പിന്തുണയാണ് ഞങ്ങളുടെ പ്രചോദനം..! നിങ്ങളുടെയും...!!

Zee Tech
COMPUTER AND INTERNET CENTER

6.00 am to 11.30 pm

12th Anniversary Special Offer for Course Fee
up to 50%

Special Courses to build your career as...
Office Secretary, Store Keeper, Office Clerk,
Accountant, Designer, Web Designer,
AutoCAD Draftsman (Electrical & Mechanical)
Network Administrator...etc

Rail Street, Riyad Bank Building, Batha, Riyadh – Saudi Arabia
Tel: 01 4065182, 014065607, Mobile: 05 32 52 82 62
email: info@zeetechnology.com, www.zeetechnology.com